DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 22 No. 1, 2011 January 15

എഡിറ്റോറിയൽ

റോഡുകൾ സമ്മേളനത്തിനോ?

പൊതുനിരത്തുകളിലും അവയുടെ ഓരങ്ങളിലും സമ്മേളനങ്ങൾ നിരോധിച്ചുകൊ് 2010 ജൂൺ 23 ന് കേരളാ ഹൈക്കോടതി നൽകിയ ഉത്തരവിനെതിരെ ഇവിടത്തെ ഇടതുപക്ഷ സർക്കാർ സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷന് (S.L.P.) സുപ്രീംകോടതി അനുമതി നിഷേധിച്ചു. ജസ്റ്റിസ് ഡി.കെ. ജെയിൻ, ജസ്റ്റിസ് എച്ച്.എൽ. ദത്ത് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റേതാണ് ഈ നടപടി. ഇതോടെ കേരളാഹൈക്കോടതിയുടെ വിധി ശരിവയ്ക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ സാമാന്യജനം-പ്രത്യേകിച്ച് വാഹനമോടിക്കുന്നവരും യാത്രക്കാരും- ഇതിൽ ആശ്വാസം കൊള്ളുന്നു എന്നത് നിസ്തർക്കമാണ്.

അപ്പീലിൽ കേരളാസർക്കാരിന്റെ വാദമുഖങ്ങൾ ജനം ശ്രദ്ധിച്ചിട്ടുാവും. പൊതുനിരത്തിലെ സമ്മേളന നിരോധനം വ്യക്തി മൗലീക സ്വാതന്ത്ര്യത്തിനെതിരാണെന്നതാണ് അതിൽ പ്രധാനം. ഈ നിരോധനം അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു എന്നു പറഞ്ഞാൽ മന ിലാക്കാൻ പ്രയാസമാണ്. റോഡിൽ, അതിന്റെ പ്രാഥമികോപയോഗമായ ഗതാഗതത്തിന് അസൗകര്യ വും തട വും അപകടവും സൃഷ്ടിക്കത്തക്കവിധം കൂട്ടംചേരുന്നതിനെയാണ് കോടതി വിലക്കിയിട്ടുള്ളത്. ഇത് പൗരാവകാശ ധ്വംസനമാണെന്ന് എങ്ങനെ വ്യാ ഖ്യാനിക്കാനാവും? ആണെങ്കിൽ പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും തുപ്പുന്നതും മലമൂത്രവിസർജ്ജനം നടത്തുന്നതുമെല്ലാം കുറ്റകരമാക്കുന്നത് പൗരാവകാശ തിരസ്കരണമാണെന്ന് പറയേിവരും.

റോഡുകളുടെ പ്രാഥമികോപയോഗങ്ങൾ അറിയാത്തവരില്ല. അവയിൽ 'പൊതുയോഗം ചേരുന്നതിന്' എന്നൊന്ന് ആരും കത്തുമെന്ന് തോന്നുന്നില്ല. പിന്നെ, സമ്മേളനത്തിനും റോഡ് ഉപയോഗപ്പെടുത്താമെന്നു മാത്രം. അപ്പോൾ അത് ദുരുപയോഗമായി പരിണമിക്കാതിരിക്കാൻ പ്രത്യേകം കരുതേു്. തെരുവോരങ്ങളിലെ കൂട്ടംചേരൽ അസൗകര്യങ്ങളും അപകടങ്ങളും സൃഷ്ടിച്ച സാഹചര്യത്തിലാണല്ലോ അതിനെതിരായി കോടതിയെ സമീപിക്കേി വന്നത്. തല്ഫലമായി ഉായ ഒരു കോടതിവിധിക്കെതിരെ പൊതുപണം വിനിയോഗിച്ച് അപ്പീൽ നൽകിയത് ഏതൊരു ജനകീയസർക്കാരിനും ഭൂഷണമാണെന്ന് തോന്നുന്നില്ല.

ഏറ്റവുമധികം വാഹനാപകടങ്ങൾ സംഭവിക്കുന്ന സംസ്ഥാനമാണ് കേരളം. വാഹനങ്ങളുടെ എണ്ണം ഇതിലും പല മടങ്ങ് കൂടുതലുള്ള നാടുകളിൽ പോലും ഇത്രയധികം അപകടങ്ങൾ സംഭവിക്കുന്നില്ല. അതിനുള്ള കാരണങ്ങൾ പലതാകാം. റോഡുപയോഗത്തിലുള്ള അശ്രദ്ധയും ഗതാഗത നിയമങ്ങളോടുള്ള ഉപേ ക്ഷാ മനഃസ്ഥിതിയും അവയിൽ പ്രധാനമാണ്. ഇവിടത്തെ ഉയർന്ന ജനസാന്ദ്രതയും സ്ഥലപരിമിതിയും, വിശാലവും ഋജുവുമായ റോഡുകളുടെ നിർമ്മാണത്തിന് തട ം നിൽക്കുന്നു. ഇടുങ്ങിയ റോഡുകളിൽ പൊതുയോഗം ചേരുക കൂടി ചെയ്താലുാകുന്ന ദുഃസ്ഥിതി നിയന്ത്രിക്കേത് ആവശ്യമല്ലേ? ഘോഷയാത്രകൾക്കും ശക്തിപ്രകടനങ്ങൾക്കും സുവിശേഷയോഗങ്ങൾക്കും ഗാന-വചനവിരുന്നുകൾക്കുമെല്ലാം പൊതുനിരത്തുകളിൽ - പ്രത്യേകിച്ചും തിരക്കേറിയ തെരുവുകളിൽ ഇടം കത്തുന്ന രീതിയു്. കൂടുതൽ പേരെ ഏതുവിധേനയും പങ്കെടുപ്പിക്കുന്നതിനുള്ള വ്യഗ്രതയാണ് ഇതിനു പിമ്പിൽ. പാൊക്കെ 'യോഗത്തിൽ ഉച്ചഭാഷിണി ഉായിരിക്കും' എന്ന് നോട്ടീസിൽ അടിക്കുറിപ്പ് ചേർത്താൽ ആളുകൂടുമായിരുന്നു. ഇന്നത് 'ഉച്ചഭക്ഷണ'മെന്നാക്കിയാൽ പോലും നാലുപേരെ തരപ്പെടുത്താൻ പ്രയാസമാണ്. പിന്നെ തിരക്കുള്ള റോഡിലാണ് യോഗമെങ്കിൽ ചലിക്കുന്ന ജനമാണെങ്കിലും കടന്നുപോകുന്നതിനിടയിൽ 'തലയും വാലു'മെങ്കിലും കേട്ടുകൊു പൊയ്ക്കൊള്ളുമല്ലോ. സ്റ്റേജിനു മുമ്പിൽ ബസ് നിൽക്കുമ്പോൾ പ്രസംഗകർ ആവേശം കൊ് പൊട്ടിത്തെറിക്കുന്നത് യാത്രക്കാർക്ക് രസകരമാണ്. അയാൾക്ക് സംതൃപ്തിയും. ഈ അനുകൂല സാഹചര്യം നഷ്ടപ്പെടുത്തുമെന്നുള്ളതാണ് പൊതുനിരത്തുകളിൽ യോഗംചേരൽ നിരോധിക്കുന്നതിനോട് രാഷ് ട്രീയ പാർട്ടികൾക്കെല്ലാമുള്ള എതിർപ്പിനു കാരണം. പുതുതായി ടാർ ചെയ്ത റോഡിൽ കുഴിയുാക്കി സ്റ്റേജ് കെട്ടി പൊതുയോഗങ്ങൾ നടത്തുന്നത് ഇവിടെ സാധാ

EDITORIAL BOARD

President
H. G. Dr. Thomas Mar Athanasius
Metropolitan

Chief Editor
Fr. Abraham Karammel

Mg.Editor
Mr. P. J. Varghese

Associate Editor
Fr. Kochuparambil Geevarghese Ramban

Technical Adviser
Mr. George Paul

Members
Fr. Marydas Stephen
Fr. Alias Kuttiparichel
Fr. Shibu Kurian
Prof. Dr. M. P. Mathai
Mr. A. G. James
Mrs. Jiji Johnson

www.dioceseofkandanadeast.org

ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
റോഡുകൾ സമ്മേളനത്തിനോ?.......................... 1

സഭാശുശ്രൂഷയിൽ ര് പതിറ്റാുകൾ – 9 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

അരവണപായസത്തിന്റെ മധുരം 9
ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

കിണർ 10
ഫാ. ബോബി ജോസ്, കട്ടിക്കാട്

"BE MERCIFUL TO ME"................................. 12
എബി പൗലോസ്

പ്രതിവാരധ്യാനം 14
ഡീ. വിജു ഏലിയാസ്

പ്രണയം 15
ജെർളി

വാർത്തകൾ – അറിയിപ്പുകൾ.......................... 16

രണമാണ്. ബസ്സ്റ്റാൻഡിലേയ്ക്കോ, മാർക്കറ്റിലേയ്ക്കോ ഒക്കെയായിരിക്കും സ്റ്റേജിന്റെ ദർശനം!

റോഡിൽ ഗതാഗത തട ം സൃഷ്ടിക്കുന്നതു മാത്രമല്ല ഇത്തരം യോഗങ്ങൾ ചെയ്യുന്ന ഉപദ്രവം. മൈക്കിലൂടെയുള്ള ചെവി പൊട്ടിത്തെറിക്കുന്ന പ്രസംഗങ്ങളും, ഗാനങ്ങളും വാദ്യമേളങ്ങളും വാഹനങ്ങൾ ഓടിക്കുന്നവരെ ഞെട്ടിപ്പിക്കുക യും അവരുടെ ശ്രദ്ധ പതറിക്കുകയും ചെയ്യും. കാൽനടക്കാർ മന: ാന്നിധ്യം നഷ്ടപ്പെട്ട് വാഹനങ്ങളുടെ മുമ്പിലേയ്ക്ക് വഴുതിവീഴും. തിങ്ങിക്കൂടി നിൽക്കുന്ന കേൾവിക്കാർ അധികവും മദ്യലഹരിയുടെ മായാലോകത്ത് നഞ്ചുവെള്ളത്തിലെ മീൻ പോലെയായിരിക്കും. അവർക്കിടയിലൂടെ കടന്നുപോകാൻ ശ്രമിക്കുന്ന കാൽനടക്കാർക്കും വാഹനസഞ്ചാരികൾ ക്കും ജീവൻ പണയംവച്ചേ യാത്ര ചെയ്യാനാകൂ.

കേരളത്തിൽ ഇന്ന് സമ്മേളന സ്ഥലങ്ങൾക്ക് ഒരു പഞ്ഞവുമില്ല. കൊച്ചുപട്ടണങ്ങളിലും ഗ്രാമങ്ങളിലും ടൗൺ ഹാളുകളും കമ്മ്യൂണിറ്റിഹാളുകളുമു്. വൻ യോഗങ്ങൾ ക്കാണെങ്കിൽ സ്കൂൾ ഗ്രൗുകളും സ്റ്റേഡിയങ്ങളും ു്. ഇപ്പോൾ നെൽവയലുകളെല്ലാം ക്രിക്കറ്റ് ഫീൽഡുകളായി കിടക്കുകയുമാണ്. അവിടെയൊക്കെ അന്ത ായും അപകടരഹിതമായും യോഗങ്ങൾ സംഘടിപ്പിക്കാം. നടുറോഡിലും പാതവക്കിലും വേണമെന്ന് വാശിപിടിക്കേ ഒരാവശ്യവുമില്ല.

ഇതു സംബന്ധിച്ച കേരളാഹൈക്കോടതിയുടെ വിധിയിൽ പൊതുനിരത്തുകളിലും അവയുടെ ഓരങ്ങളിലും സമ്മേളന നിരോധനം നടപ്പാക്കാൻ റവന്യൂ, പൊതുമരാമത്ത്, പോലീസ് വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകാൻ ചീഫ് സെക്രട്ടറിയോട് കോടതി ആവശ്യപ്പെടുകയും ചെയ്തിരുന്നു.

കേരളാ പോലീസ് ആക്ട് സെക്ഷൻ 19 അനുസരിച്ച് പബ്ലിക് റോഡുകളിൽ പൊതുയോഗം നടത്താൻ ഉപാധികളോടെ അനുവാദം നൽകാൻ സർക്കാരിന് അധികാരമുന്നും അത് തടയാൻ കോടതിക്ക് അവകാശമില്ലെന്നും അത് ചെയ്യാൻ കഴിയണമെങ്കിൽ തദനുസരണമായ പുതിയ നിയമനിർമ്മാണം ആവശ്യമാണെന്നും സർക്കാർ ഭാഗം സുപ്രീംകോടതിയിൽ വാദിക്കുകയുായി. ഒറിജിനൽ പെറ്റീഷനിൽ ആലുവ റെയിൽവേ സ്റ്റേഷന് സമീപമുള്ള റോഡിൽ മാത്രമേ സമ്മേളന നിരോധനം ആവശ്യപ്പെട്ടിരുന്നുള്ളു എന്നും കേരളത്തിലെ മുഴുവൻ റോഡുകൾക്കും അത് ബാധകമാക്കിയത് കോടതിയുടെ അധികപ്പറ്റാണെന്നും പരാമർശമുായി. എന്നാൽ സുപ്രീംകോടതി ഇതൊക്കെ നിരാകരിക്കുകയാണുായത്.

സാന്ദർഭികമായി ഒരു കാര്യം സൂചിപ്പിക്കട്ടെ.നമ്മുടെ ആരാധനാലയങ്ങളിൽ നിന്നും കൺവെൻഷൻ പന്തലുകളിൽ നിന്നുമെല്ലാം ഉയരുന്ന ശബ്ദകോലാഹലം പലപ്പോഴും പൊതുജനത്തിന് ശല്യമാകാറു്. അതിനും പുറമേ, അത്യുച്ചത്തിലുള്ള വാങ്ക് വിളിയും പാതിരാസമയത്ത് പോലുമുള്ള കതിനാവെടിയും കൂട്ടമണിയുമൊക്കെ അധികം പേർക്കും അരോചകമാണ്. ഇവയൊക്കെ വാച്ചും ക്ലോക്കും അപൂർവ്വമായിരുന്ന കാലത്ത് ജനങ്ങളെ ആരാ

(ശേഷം 9-ാം പേജിൽ)

സഭാശുശ്രൂഷയിൽ
ര് പതിറ്റാണ്ടുകൾ -9

ഡോ. തോമസ് മാർ അത്താനാസ്യോസ്

എന്റെ കഴിഞ്ഞകാല സഭാശുശ്രൂഷാ ചരിത്രത്തിൽ നല്ലതുമാത്രം ഓർമ്മയിൽ അവശേഷിപ്പിക്കുന്നവരാണ് ഇന്ന് എന്റെ കൂടെ കനാട് ഈസ്റ്റ് ഭദ്രാസനത്തിൽ സേവനം അനുഷ്ഠിക്കുന്ന വൈദീകർ എല്ലാവരുംതന്നെ. അവരിൽ ഏറിയ പങ്കും ഭിന്നതയുടെ കാലത്ത് പാത്രിയർക്കീസ് കക്ഷിയിൽ ജനിച്ച് വളർന്ന് ആ സംവിധാനത്തിൽ വൈദീക സ്ഥാന ത്ത് എത്തിയവരാണ്. പലരുടെയും അടുത്ത ബന്ധുക്കൾ ആ വിഭാഗത്തിൽ തുടരുന്നവരും ഉത്തരവാദിത്തങ്ങൾ വഹിക്കുന്നവരും ആണ്. അവ ർക്കും തങ്ങളുടെ പൂർവ്വകാലബന്ധങ്ങൾക്കും അവയോടുള്ള കടപ്പാടുകൾക്കും ഉപരിയായി എന്നോടുള്ള വ്യക്തിബന്ധത്തിലും തിരിച്ചറിഞ്ഞ യാഥാർത്ഥ്യങ്ങളോടുള്ള പ്രതിബദ്ധതയിലും ആശയപരമായ ഐക്യത്തി ലും പ്രതികൂല സാഹചര്യങ്ങളുടെ മ ദ്ധ്യത്തിൽ പോലും, എന്നോടൊപ്പം സഭാശുശ്രൂഷയിൽ ആത്മാർത്ഥമായി സഹകരിക്കുന്നു. വ്യക്തിപരമായ അടുപ്പങ്ങളും ശുശ്രൂഷാ ജീവിതത്തി ലെ സാധ്യതകളും ഭൗതീകമായ നേട്ടങ്ങളും നഷ്ടപ്പെടുത്തി ഈ കൂട്ടായ്മയോട് വിശ്വസ്തത പുലർത്തിയതുകൊ് സ്വകാര്യ ദുഃഖങ്ങളും, സാമ്പത്തിക ക്ലേശങ്ങളും പേറി ആത്മാർ ത്ഥതയോടെ സഭയെ ശുശ്രൂഷിക്കുന്ന വസ്തുത ആരു മറന്നാലും. എനിക്കത് വയ്യ. മന ിലാക്കിയ വസ്തുതകളോടുള്ള സത്യസന്ധമായ പ്രതിബദ്ധത ജീവിതം എളുപ്പവും സുരക്ഷിതവും ആക്കുന്നില്ല. എന്നാലത് ക്രിസ്തീയ വൈദീക ജീവിതത്തിൽ വെല്ലുവിളികൾ നിലയ്ക്കാത്ത പരമ്പരയാണ്.

പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ മതാധികാരം ആത്മീക കൂദാശാ ജീവിതത്തിന്റെ അടിസ്ഥാന മാനദണ്ഡമെന്ന് ധരിച്ച് ആ സ്ഥാനത്തോട് വൈകാരിക വിധേയത്വം പുലർത്തിയവർ 1995 ലെ സുപ്രീംകോടതി വിധിയോടെ ഒരു തീരുമാനമെടുക്കേ സാഹചര്യത്തിൽ എത്തിച്ചേർന്നു. ആവശ്യപ്പെട്ട കാര്യങ്ങൾ കോടതി അംഗീകരിച്ച ശേഷവും ഭിന്നത നില നിർത്തുകയാണോ, ഐക്യത്തിന് ശ്രമിച്ച് വരുംതലമുറയ്ക്ക് സമാധാനത്തിൽ കഴിയുവാൻ സാധ്യത തേടുകയാണോ ദൈ വഹിതം എന്നതിൽ ഒരു നിലപാടെടുക്കേിവന്നു. പാത്രിയർക്കീസ് ബാവായുടെ സ്ഥാനം അംഗീകരിക്കു ന്ന വിധി നിഷേധിച്ച് പിളർപ്പ് സഭയിൽ ശാശ്വതമാക്കി സാക്ഷ്യം നഷ്ടപ്പെടുത്തുന്നതിന് നീതികരണം ഇല്ല എന്ന് ബോധ്യമായപ്പോൾ സഭയുടെ ഭാവി മാത്രം പരിഗണിച്ച് തീരുമാനമെടുത്ത് ഐക്യപ്രക്രിയയിൽ ഈ വൈദീകർ ആത്മാർത്ഥമായി സഹകരിച്ചു. ഭാവിയിലെ സഹയാത്രികരിൽ നിന്ന് പിന്തുണ കിട്ടുമെന്ന് കണക്കുകൂട്ടിയായിരുന്നില്ല തീരുമാനം. സാഹസികമായ വിശ്വാസ ജീവിതത്തിൽ തെരഞ്ഞെടുപ്പും ത്യജിക്കലും തിരസ്കൃതാനുഭവവും എല്ലാം അനിവാര്യമാണ്. ഭിന്നിച്ച് രു ഭാഗങ്ങളായി നിലനിന്നിരുന്ന നേതൃത്വത്തിന് സ ഭൈക്യത്തെപ്പറ്റിയുള്ള ബോധ്യമോ, അതു നേടാനുള്ള സാഹസിക നിലപാടുകളോ ഉായിരുന്നതായി അനുഭവപ്പെട്ടിട്ടില്ല. ഈ നിർവ്വികാര നേതൃത്വങ്ങളുടെ നടുവിൽ സഭയെപ്പറ്റിയു ള്ള ദൈവവിളിയുടെ നിർബന്ധത്തി നു വിധേയപ്പെട്ട് മുന്നിട്ടിറങ്ങിയ വിശ്വാസസമൂഹത്തിന്റെ ശുശ്രൂഷയ്ക്ക് സ്വയം ജീവിതം അർപ്പിച്ചവരാണ് ഈ ഭദ്രാസനത്തിലെ വൈദീകർ. കലഹിക്കുന്നതിൽ ഹരം കൊ സമൂഹത്തിന് ഒന്നിക്കാൻ വഴിതുറന്നപ്പോഴും അതിനോട് പിന്തിരിഞ്ഞ് നിൽക്കുന്നതിന് ന്യായം കാണാതെ കർത്തൃനിയോഗത്തിന്റെ പൊരുൾ തേടിയപ്പോ ൾ മറ്റൊരു സാധ്യത യില്ലായിരുന്നു. ഇരുവിഭാഗത്തിലും ഇന്നുമുള്ള വിഘടനവാദികളോട് ആശയതലത്തിൽ പോരാടി സഭയിൽ വെല്ലുവിളി (challenge) യുടെ നിത്യസാന്നിധ്യമായിത്തീരുന്നത് ജീവിതദൗത്യമായി കാണുന്നവരാണ് ഇന്നും പിടിച്ചു നിൽക്കുന്ന എന്റെ കൂടെയുള്ള വൈ ദീക സമൂഹം.

1990 ൽ എനിക്കു മേൽപ്പട്ടസ്ഥാനം ലഭിച്ചതു മുതൽ വൈദീകരെ ശ്രദ്ധിക്കേത് എന്റെ കടമയായി ഞാൻ കരുതിയിരുന്നു. എന്റെ പിതാ വ് വൈദീകനായിരുന്നു. എന്റെ ഒരു സഹോദനും ഈ രംഗത്ത് സേവനം ചെയ്യുന്നു. അവരുടെ ശുശ്രൂഷാജീവിതത്തിൽ സഭാ നേതൃത്വത്തിൽ നിന്ന് ചില സമയങ്ങളിലെങ്കിലും ഉായ തിരസ്കൃത മനോഭാവം ആകാം ഇ തിന് പ്രേരകമായത്. എന്നാൽ അതോടൊപ്പം മുഴുവൻ സമയവും ശുശ്രൂഷയ്ക്ക് സമയം കത്തെുന്ന അർ പ്പണ ബോധമുള്ള ഒരു പ്രബുദ്ധ (enlightened) സമൂഹമായിരിക്കണം എന്റെ ഭദ്രാസനത്തിലെ വൈദീകർ എന്നും ഞാൻ ആഗ്രഹിച്ചു. അതുകൊ് അവരുടെ പഠനം, തുടർ പഠനം എന്നിവയും എന്റെ ശുശ്രൂഷാജീവിതത്തിലെ പ്രാഥമിക കാര്യപരിപാടികളായി ഞാൻ കു. വൈദീകവൃത്തിക്കായി മാതാപിതാക്കന്മാർ നേർച്ച നേർന്നവരും വല്യച്ചന്മാരിൽ നിന്നും സമുദായ നേതാക്കന്മാരിൽ നിന്നും ശുപാർശകത്ത് നേടിയവരും, മറ്റൊരു തൊഴിലും ഒക്കാത്തതുകൊ് ദൈവ

വിളി കുലത്തൊഴിലായി സ്വീകരിച്ച വരും നിയന്ത്രണമില്ലാതെ വൈദീക ശുശ്രൂഷാരംഗത്ത് പ്രവേശിക്കേണ്ടതില്ല എന്നു ഉറപ്പിച്ചു. മാറി വരുന്ന സാഹചര്യത്തിൽ വൈദീക ശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സെക്കുലർ-വേദശാസ്ത്ര പഠനങ്ങൾ നിർബന്ധമാക്കി.

വൈദീക അഭ്യസനത്തിന് സഭയിലെ സെമിനാരിയിലെ പഠനം മാത്രം പോരാ എന്നു ഞാൻ അറിഞ്ഞിരുന്നു. അതുകൊണ്ട് കഴിവുള്ളിടത്തോളം വിദ്യാർത്ഥികളെ ഐക്യുമെനിക്കൽ പഠനസ്ഥാപനങ്ങളിൽ ബിരുദ-ബിരുദാനന്തര പഠനത്തിന് അയച്ചു. എന്നാൽ ഈ സാഹചര്യങ്ങളിൽ പഠിക്കാൻ അവസരം കിട്ടാത്തവരും ഇന്ന് വളരെ സമർത്ഥമായി സഭാശുശ്രൂഷ നിർവ്വഹിക്കുന്നു എന്ന ഒരു യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. അതുകൊണ്ട് യുവ വൈദീകരിൽ വലിയ പങ്ക് സെറാമ്പൂർ കോളേജ്, ബിഷപ്പ്സ് കോളേജ്, കൽക്കട്ട, യുണൈറ്റഡ് തിയോളജിക്കൽ കോളേജ് ബാംഗ്ലൂർ, ഗുരുകുൽ ലൂഥറൻ തിയോളജിക്കൽ കോളേജ് മദ്രാസ്, തമിഴ്നാട് തിയോളജിക്കൽ കോളേജ് മധുര, കെ.യു.ടി. സെമിനാരി തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയവരാണ്. ഇടുങ്ങിയ വിഭാഗീയ വികാരങ്ങൾക്കടിമപ്പെടാതെ വിശാലകാഴ്ചപ്പാടിൽ വളർന്നവരായിരിക്കണം വരുംതലമുറയിലെ വൈദീകർ എന്ന എന്റെ ആഗ്രഹം സഫലമാക്കിയതിന്റെ കഥയാണ് കഴിഞ്ഞ 20 വർഷത്തെ ശുശ്രൂഷാ ചരിത്രം സാക്ഷിക്കുന്നത്. ഓർത്തഡോക്സ് സഭയിലെ സെമിനാരികളിൽ നിന്നും, എക്യുമെനിക്കൽ വേദശാസ്ത്ര വിദ്യാലയങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കിയവർ ഒരു വൈദീകസമൂഹമായി രൂപപ്പെടുമ്പോൾ അവർ അജപാലന-സഭാശുശ്രൂഷാ രംഗത്ത് നൽകുന്ന സംഭാവന അപാരമാണ് എന്ന് എനിക്ക് സംശയം കൂടാതെ പറയുവാൻ സാധിക്കും. പ്രബുദ്ധമായ ഒരു വൈദീക സമൂഹത്തിനു മാത്രമാണ് മാറിവരുന്ന കാലഘട്ടത്തിൽ അർത്ഥവത്തായ ശുശ്രൂഷ സഭയിൽ നിവർത്തിക്കാനാവുക എന്നത് എനിക്ക് ബോധ്യപ്പെട്ട വസ്തുതയാണ്.

പഠനവും അർപ്പണബോധവുമുള്ള വൈദീകർക്ക് ഓരോ ഇടവകയിലും ദീർഘകാലം ശുശ്രൂഷ ചെയ്യുവാൻ അവസരം കിട്ടേണ്ടതു്. അതുകൊണ്ട് കർക്കശമായ സമയനിബന്ധിത സ്ഥലം മാറ്റം നല്ലതല്ല എന്ന ചിന്തയാണ് എനിക്കുള്ളത്. എന്നാൽ അതിന് സഭാശുശ്രൂഷ ഗൗരവമായി എടുത്തവരായിരിക്കണം വൈദീകർ ഓരോന്നും. ശുശ്രൂഷാ താല്പര്യമില്ലാത്ത വൈദീകരാണ് സ്ഥലം മാറ്റം അനിവാര്യമാക്കുന്ന ഏക ഘടകം. ചിലർ ഒരു പള്ളിയിൽ നിശ്ചിത കാലത്തിനുശേഷം തുടർന്നാൽ നന്നാക്കാനാവാത്തവിധം ആ ഇടവക തകർന്നിരിക്കും. ഇത് ഭദ്രാസനതലത്തിൽ നടക്കുന്നതുകൊണ്ടാണ് മെത്രാച്ചന്മാരുടെ സ്ഥലം മാറ്റത്തിനും വിശ്വാസികൾ മുറവിളി കൂട്ടുന്നത്. ഈ സാഹചര്യം നിലനിന്നിരുന്നതുകൊണ്ട് ഞാൻ പട്ടമേറ്റ കാലത്ത് പൊതുസ്ഥലം മാറ്റം ഒന്നുരു പ്രാവശ്യം സംവിധാനത്തിന്റെ ഭാഗമായി നടത്തി. എന്നാൽ വൈദീകർ മുഴുവനായിത്തന്നെ സുനിക്ഷിതരും അർപ്പണബോധമുള്ളവരും ആയിത്തീർന്ന സാഹചര്യത്തിൽ പൊതുസ്ഥലം മാറ്റം അവസാനിപ്പിച്ചു. വൈദീകരുടെ താല്പര്യം, ഇടവകയിലെ പ്രത്യേക സാഹചര്യങ്ങൾ എന്നിവ മാനിച്ച് ആവശ്യമുള്ളപ്പോൾ മാത്രം സ്ഥലം മാറ്റം മതി എന്ന ചിന്തയാണ് ഇപ്പോൾ എനിക്കുള്ളത്. പിന്നെ ഏതെങ്കിലും പ്രശ്നസാധ്യതകളിലേയ്ക്ക് വഴുതി വീഴുന്നത് തടയാൻ നിലവിലിരിക്കുന്ന വൈദീകരുടെ സേവനം മതിയാകാതെ വരുന്ന സാഹചര്യത്തിൽ സ്ഥലം മാറ്റം നടക്കേണ്ടി വരുന്നു. എന്നാൽ കേരളത്തിലെ നവീകരണസഭകളിലും, ഓർത്തഡോക്സ് സഭയിലെ മിക്ക ഭദ്രാസനങ്ങളിലും ഇപ്പോൾ നടക്കുന്ന നിർബന്ധിത സമയാധിഷ്ഠിത സ്ഥലം മാറ്റ സംവിധാനം നല്ലൊരു അജപാലന സാഹചര്യം സൃഷ്ടിക്കുന്നു എന്ന് എനിക്ക് പക്ഷമില്ല. ഇടവകയിൽ ജനങ്ങളുമായുള്ള ദീർഘകാല ബന്ധങ്ങൾ അജപാലനം കാര്യക്ഷമമാക്കുന്നതിന് സഹായകമാണ്. അജപാലനത്തിന്റെയും കൗദാശിക അനുഷ്ഠാനത്തിന്റെയും സ്ഥാനത്ത് ഇടവക ഭരണമാണ് വൈദീകരുടെ പ്രധാന ചുമതല എന്ന ചിന്തയാണ് സ്ഥിര സ്ഥലം മാറ്റത്തിന് പ്രേരണ നൽകുന്ന ഘടകം. പലപ്പോഴും മെത്രാന്മാരുടെ അധികാരം അച്ചന്മാരെ ബോധ്യപ്പെടുത്തുന്നതിലും പകപോക്കലിലുമെല്ലാം ഇത് പരിണമിക്കുന്നു എന്ന കാര്യവും വിസ്മരിക്കുന്നില്ല. അനിവാര്യ ഘട്ടങ്ങളിൽ എപ്പിസ്കോപ്പായുടെ മേലന്വേഷണ ഉത്തരവാദിത്ത നിർവ്വഹണത്തിന്റെ ഭാഗമായി മാത്രം നടക്കുന്ന ഒന്നായി സ്ഥലം മാറ്റം മാറണമെന്നതാണ് എനിക്ക് തോന്നുന്നത്. സുനിശ്ചിതരും അർപ്പണബോധമുള്ളവരുമായ വൈദീകരെ വാർത്തെടുക്കുന്നതിലാണ് ശ്രദ്ധ പതിയേണ്ടത്.

വൈദീകരുടെ പഠനവും പരിശീലനവും എന്നതുപോലെ തന്നെ അവരുടെ സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പുവരുത്താനുള്ള ബാധ്യത മേൽപ്പട്ടക്കാർക്കു്. കഴിഞ്ഞ കാലങ്ങളിൽ വൈദീക സേവനരംഗത്ത് വന്നവർ സാമ്പത്തീക ഭദ്രതയുള്ള ഭവനങ്ങളിൽ നിന്നു മാത്രമായിരുന്നില്ല. ജീവിതത്തിൽ കൂടുതൽ സാമ്പത്തിക നേട്ടം കിട്ടാവുന്ന ജോലികൾ വേണ്ടെന്നുവച്ച് സഭാശുശ്രൂഷയ്ക്ക് വരുമ്പോൾ ന്യായമായി അവർക്ക് ജീവിക്കാനുള്ള സാമ്പത്തീക സൗകര്യം ഉറപ്പാക്കുവാനുള്ള ബാധ്യത സഭ നിർവ്വഹിച്ചേ തീരൂ. ഭേദപ്പെട്ട ശമ്പളം വൈദീകർക്ക് ലഭ്യമാകുന്നതോടെ വലിയപള്ളികളോടുള്ള ആകർഷണം മാറിക്കിട്ടുകയും ചെയ്യും. അച്ചന്മാർക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പിക്കുന്ന കാര്യത്തിൽ ഇടവകാംഗങ്ങൾക്ക് വേണ്ടത്ര ആവശ്യബോധം ഉണ്ടായിട്ടുണ്ടോ എന്നതിൽ എനിക്കത്ര ഉറപ്പില്ല. ഏതായാലും അച്ചന്മാരുടെ മാതൃകാ

പരമായ ശുശ്രൂഷ ജനങ്ങളിൽ നിന്ന് അനുകൂല പ്രതികര ണം ഉാക്കും എന്നതിൽ തർക്കമില്ല. വൈദീകർ വേവിധം അദ്ധ്വാനിക്കുന്നില്ലെങ്കിൽ ജനം ഈ കാര്യത്തിൽ അല്പ ം അലംഭാവം കാണിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അതുകൊ് ഫല പ്രദമായി ശുശ്രൂഷ ചെ യ്യുവാനുള്ള ഉത്സാഹം എവിടെ കുറയുന്നുവോ അവിടെ സാമ്പത്തിക സഹകരണവ ും കുറയും. മുഴുവൻ സമയവും സ്വന്തം ഇടവകയുടെ കൂടെ ഉാവുക തന്റെ ശുശ്രൂഷയുടെ അടിസ്ഥാന താല്പര്യമാണ് എന്ന വൈദീകന്റെ തിരിച്ചറിവ് ഈ കാര്യത്തിൽ പ്ര ധാനമാണ്. എന്താണെങ്കിലും സഭ നിർദ്ദേശിച്ച ശമ്പള വർദ്ധന ഉാക്കാൻ സാധിച്ചു എന്ന ത് ചാരിതാർത്ഥ്യ ത്തോടെ ഓർക്കാവുന്ന കാര്യമാണ്.

കനാട് (E) ഭദ്രാസനത്തി ലെ വൈദീകരായിരിക്കണം സഭയിൽ ഇന്ന് ഏറ്റവുമധികം ആത്മസംഘർഷം അനുഭവിക്കുന്ന വൈദീക വിഭാഗം. കാരണം, ഇവിടത്തെ ഇടവക കളിലെ വിഭജനം അടുത്തകാല ത്താണ് നടന്നത്. അതുകൊ് ശക്ത മായ ഉഗ്രവാദി പാത്രിയർക്കീസ് വിഭാഗത്തിന്റെ അക്രമം കേന്ദ്രീക രിക്കുന്നതും ഇവിടത്തെ ഇടവക കളിലാണ്. ശനിയാഴ്ച ആകുമ്പോ ഴേയ്ക്കും ഭൂരിപ ക്ഷം അച്ചന്മാരു ടെയും മാനസിക പിരിമുറുക്കം എത്രയെന്ന് അവർക്കേ അറിയൂ. കഴിഞ്ഞ കാലങ്ങളിലായി വൈദീക രിൽ പലരും അനുഭവിച്ച ശാരീരിക പീഢനവും മാനസിക ക്ലേ ശങ്ങളും വളരെയാണ്. പലരും മരണത്തിൽ നിന്ന് രക്ഷപെട്ടത് തലനാരിഴയ്ക്കാണ്. ശാരീരിക മായി പീഢ നം അനുഭവിക്കേി വന്നില്ലെങ്കിലും മാന സിക പീഢയ്ക്കും അപമാനത്തിന ും അസഭ്യവർഷത്തിനും വിധേയ രാകാത്ത ഒരച്ചനും ഈ ഭദ്രാസന ത്തിൽ ഇല്ല എന്നത് സത്യമാണ്. സഭൈക്യം യാഥാർത്ഥ്യമാക്കുന്നതിന്, അവർ അനുഭവിച്ച സഹനവും പീഢനങ്ങളും "ഞാനും എന്റെ പി താവും ഒന്നായിരിക്കുന്നതുപോലെ നിങ്ങളും ഒന്നായിരിക്കണം" എന്ന ക്രിസ്തുവിന്റെ വചനം അവരുടെ ശു ശ്രൂഷാജീവിതത്തിൽ ഇടവക യുടെ ഐക്യത്തിലൂടെ സാക്ഷാത്ക രിക്കുന്നതിനുള്ള അന്വേഷണയാത്ര യിലാ ണ് ഈ ഭദ്രാസനത്തിലെ വൈദീകർ എന്നതാണ് അവരുടെ സാന്ത്വനം.

വൈദീകർക്കു വേിയുള്ള ക്ഷേമ പദ്ധതികൾ ആവിഷ്കരി ക്കുവാൻ പട്ടമേറ്റകാലം മുതൽ ഞാൻ ശ്രമിച്ചിട്ടു്. ആ കാലത്ത് വള്ളിക്കാട്ടിൽ ജോൺ അച്ചനായി രുന്നു ഭദ്രാസന ഓഫീസ് മാനേജർ. അദ്ദേഹമായിരുന്നു ഈ കാര്യത്തിൽ എന്നെ ഏറ്റവുമധികം സഹായിച്ച വ്യക്തി. കേന്ദ്രീകൃത ശമ്പള പദ്ധ തി, പെൻ ഷൻ സ്കീം, വൈദീക വെൽഫെയർ പദ്ധതി, ഇൻഷുറൻസ് എന്നിവയെല്ലാം കുറഞ്ഞ കാലയള വിൽത്ത ന്നെ നടപ്പിലാക്കി. വൈദീ കർക്കുവേി ഒരു ഭദ്രാസനവൈ ദീക സഹകരണ സംഘവും രൂപ ീകൃതമായി. ഇതിൽ വള്ളിക്കാട്ടിൽ അച്ചന്റെ കൂടെ പൂതിയോട്ട് ചെറി യാൻ അച്ചനും (സഖറിയ മാർ ന ിക്കോളാവോസ് തിരുമേനി) ഏറെ അദ്ധ്വാനിച്ചിട്ടു്. അതുവഴി വൈദീ കർക്ക് കുറഞ്ഞ പലിശയ്ക്ക് പണം കടമെടുക്കുവാ നും മിച്ച തുകകൾ നല്ല പലിശയ്ക്ക് നിക്ഷേപിക്കുവാന ും സൗകര്യം കിട്ടി. കൂടാതെ വള്ളി ക്കാട്ടിൽ അച്ചനും ഭാര്യ സൂസനും ചേർന്ന് ഭദ്രാസനത്തി നു വേി ആരം ഭി ച്ച കുർബ്ബാന വീഞ്ഞ് ഉല്പാദന സംരംഭം ഇതിനി ടെ ഏറെ വളർന്നു. വൈദീക ശമ്പളനിധിയിലേയ്ക്ക് സംഭാവന ചെയ്യുവാനും വൈദീ കരുടെ മക്കൾക്ക് വി ദ്യാഭ്യാസ സ്കോളർഷിപ്പുകൾ നൽ കുവാന ുമൊക്കെ ഇതിൽ നിന്ന് കി ട്ടുന്ന മിച്ചം ഉപയോഗപ്പെടുത്തി വരുന്നു. വൈദീകരുടെ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ബഹു. വള്ളിക്കാട്ടിൽ ജോൺ അച്ചന്റെ ഭാവനയും സഹകരണവും കർമ്മ ശേഷി യും ഈ ഭദ്രാസനത്തിലെ വൈദീകർ ക്ക് മറക്കാനാവില്ല.

വടക്കൻ ഭദ്രാസനങ്ങളിൽ വൈ ദീക സ്ഥാനത്തേയ്ക്ക് വരുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നത് ഉത്ക ണ്ഠാ ജനകമാണ്. ഇന്നത്തെ സാഹ ചര്യത്തിൽ ഫലപ്രദമായി ശുശ്രൂഷ ചെയ്യുന്നതിന് ഈ പ്രദേശങ്ങളിൽ നിന്നുതന്നെയുള്ള പട്ടക്കാർ ധാര ാളം ഉാകേതാണ്. ഗുണനിലവാര മുള്ള സമർത്ഥരായ ചെറുപ്പക്കാരെ കത്തെി ശുശ്രൂഷയിൽ പ്രവേശിപ്പി ക്കുവാൻ സാധിക്കണം. ഈ കാര്യം നടന്നില്ലെങ്കിൽ ഇവിടങ്ങളിൽ നേതൃ ത്വശോഷണം സംഭവിക്കും. അതു വഴി ഭദ്രാസനങ്ങൾക്ക് കാര്യമായ തകർച്ച ഉായെന്നും വരും. ഇവിടെ നിലനിൽക്കുന്ന സംഘർഷ സാഹച ര്യത്തിൽ ദീർഘകാല സേവനത്തി നു സന്നദ്ധരും താല്പര്യവുമുള്ളവർ വൈദീക-എപ്പിസ്കോപ്പൽ തലങ്ങ ളിൽ ഉാകണം. അതിന് സഭാ നേ തൃത്വത്തിന്റെ സത്വരശ്രദ്ധ ആവശ്യ വുമാണ്.

വടക്കൻ പ്രദേശങ്ങളിൽ പുരു ഷന്മാരുടെ ദയറാകൾ ഒന്നുംതന്നെ കഴി ഞ്ഞ കാലങ്ങളിൽ വളർന്നി ട്ടില്ല. ഏ തായാലും വേദശാസ്ത്ര പ ഠനത്തോടൊപ്പം നല്ല സെക്കുലാർ വിദ്യാഭ്യാസവുമുള്ള മൂന്ന് ചെറുപ്പ ക്കാർ ഈ രംഗത്തേയ്ക്ക് വന്നിട്ടു്. ഒരാൾ നിയമബിരുദധാരിയെങ്കിൽ മറ്റ് രുപേർ എഞ്ചിനിയറിംഗ് പഠനം കഴിഞ്ഞവരാണ്. ഇവരെ ചേർത്ത് വൈകാതെ ത ന്നെ നല്ലൊരു ദയറാ ആരംഭിക്കണം എന്നത് ഇതിനു മുമ്പ് ഉാകാതിരുന്ന പുതിയ ആഗ്രഹ മാണ്. ബുദ്ധി യും, ആത്മീയരംഗത്ത് വിഭവശേഷിയുമുള്ള സന്യസ്ഥരുടെ വരവ് ഭദ്രാസനത്തിന്റെ സമഗ്ര വികാ സത്തിന് വഴിതെളിക്കും എന്നത് ഉറപ്പുള്ള കാര്യമാണ്. ഞാൻ ഭര ണഘടന അം ഗീകരിച്ച സമയത്ത് വേദശാസ്ത്രത്തിൽ ഡോക്ടറേറ്റും M.Th ഉം ഉള്ള ഏഴുപേർ ഈ ഭദ്രാ സനത്തിൽ തന്നെ ഉായിരുന്നു. അവ രിൽ മിക്കവരും വെട്ടിയ്ക്കലുള്ള സെമിനാരിയിൽ അദ്ധ്യാപകരാ യിരുന്നു. സഭൈക്യശ്രമത്തിന്റെ പശ്ചാത്തലത്തിൽ സെ മിനാരിയിൽ അവർ സേവനം നിർ ത്തി. എന്നാൽ ഈ രാജിവച്ച അദ്ധ്യാപകരെ ഉപ യോഗപ്പെടുത്തുന്നതിനോ അവ

രുടെ തുടർ പഠനത്തിനോ സഭയിൽ നിന്നോ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്നോ സഹകരണം ഉായില്ല. അവരെ ഒരു പ്രത്യേക സാഹചര്യത്തിൽ മാന്യമായി പുനരധിവസിപ്പിക്കേ കടമ സഭയ്ക്കുായിരുന്നുവെന്ന് ഞാൻ ചിന്തിക്കുന്നു. അവരിൽ ഒരച്ചനു വേി ഒരു ജോലിസാധ്യത ഞാൻ സെമിനാരി അധികൃതരോട് ആരാഞ്ഞു. അനുകൂലമനോഭാവം കാ ണാത്തതിനാൽ പിന്നീട് ആവഴി ശ്രമമൊന്നും നടത്തിയില്ല. ഇവരുടെ സേ വനം ഒരുപക്ഷേ സഭയ്ക്ക് അതിന്റെ സെമിനാരിയിൽ അനിവാര്യമായിരുന്നില്ലെങ്കിൽ പോലും മറ്റൊരു സെമിനാരിയിൽ നിന്ന് സഭയെപ്രതി സേവ നം അവസാനിപ്പിച്ച് അവരെ ഉൾക്കൊള്ളുവാനുള്ള സന്മനോഭാ വം ഉത്തരവാദിത്തപ്പെട്ടവർ കില്ല. എനിക്കതിൽ ഒട്ടും പരാതിയില്ല. ഓരോ പ്ര സ്ഥാനവും നയിക്കുന്നവ രുടെ സ്വഭാവവും സഭയുടെ വെളിപ്പെടുത്തിയേ എന്നുള്ളൂ.

നേരെമറിച്ച് അവർക്ക് സെമിനാരിയിൽ സേവനസൗകര്യം കിട്ടാതിരുന്നതിൽ എനിക്കിന്ന് സന്തോഷമേ ഉള്ളൂ. ഒന്നാമത് അവിടം സ്വതന്ത്രമായി ചിന്തിക്കുന്നവർക്ക് ജോലി ചെയ്യാൻ പറ്റിയ ഇടമാണെന്ന് എനിക്കിന്ന് ബോധ്യമില്ല. രാമത് ഞാനതൊരു challenge ആയി എടുത്തു. അതുകൊ് സമന്വയ എക്യുമെനിക്കൽ സ്റ്റഡി ആന്റ് ഡയലോഗ് സെന്ററിന്റെ ഒന്നാം ഘട്ടം നിർമ്മാണം പൂർ ത്തിയാക്കി. മുൻ കേന്ദ്രമന്ത്രിയും പ്ര സിദ്ധ ഗാന്ധിയനുമായ ശ്രീ. രവീന്ദ്ര വർമ്മ അത് ഉദ്ഘാടനം ചെയ്തു. വേദശാസ്ത്ര രംഗത്ത് പ്രാവീണ്യം നേടിയ നാലുപേരുടെ സേവനം അവി ടെ സ്ഥിരമായി ഉപയോഗപ്പെടുത്തി. സഭൈക്യത്തെ പ്രതി പലതോടൊപ്പം വേദശാസ്ത്ര അധ്യാപനവൃത്തി, ത്യജിച്ചവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് സഭ തയ്യാറാകാത്ത സാഹചര്യത്തിൽ, മേലിൽ ഈ ആവശ്യവുമായി സെമിനാരി അധികൃതരെ സമീപിക്കില്ല എന്നു ഞാൻ തീരുമാനിച്ചു. മറ്റുള്ളവരുടെ ഔദാര്യത്തിൽ കഴിയുന്നവർക്ക് നിലനിൽപ്പില്ല. മല്ലുപിടിച്ച് സ്ഥാനം നേടുക സംസ്കാരമുള്ളവർക്ക് യോജിച്ചതുമല്ല. സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്നവർ ക്കേ ഭാവിയുള്ളൂ. അഭിമാനം നഷ്ടപ്പെടുത്തി ഒരു നേട്ടവും ആവശ്യമില്ല. വ്യക്തിത്വം നഷ്ടപ്പെടുത്തി ഒരു ബന്ധവും നിലനിർത്താനാവില്ല. ഏതായാലും പുതിയ സാഹചര്യത്തിൽ സഭയിൽ എങ്ങനെ നീങ്ങണം എന്നതിന് വ്യക്തമായ സൂചന കിട്ടി. ഇതിനിടെ സമന്വയയുടെ രാംഘട്ടം പൂർത്തികരിച്ചു വരികയാണ്. അതോടെ ഈ ഭദ്രാസനത്തിലെ മുഴുവൻ അഭ്യസ്തവിദ്യരായ വൈദീകരുടെ സേവനവും ഭദ്രാസനത്തിന് ഉപയോഗപ്പെടുത്താനാവും എന്നാണ് എന്റെ ചിന്ത. മുഖ്യധാരയിൽ നിന്നുള്ള നി ഹകരണം ബദലുകൾക്ക് സാധ്യത നൽകു മ്പോൾ സന്തോഷിക്കാമല്ലോ.

എങ്കിലും നാഗ്പൂർ സെമിനാരിയെപ്പറ്റി ഒരു വാക്ക് പറയട്ടെ. അവിടെ എന്റെ സേവനം വ്യക്തിപരമായും സ്ഥാപനപരമായും ആവശ്യപ്പെടുകയുായി. ആ മനോഭാവത്തെ ഞാൻ ആദരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഇവിടെ നിന്ന് അവിടെപ്പോയി പഠിപ്പിക്കുന്നതിന് സൗകര്യമില്ലാത്തതിനാൽ പോയില്ല എന്നുമാത്രം. എ ന്നാൽ ഈ ഭദ്രാസനത്തിലെ ഒരു വൈദീകൻ അവിടെ അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുന്നത് ചാരിതാർത്ഥ്യജനകമാണ്. അതായത് വകതിരിവും മര്യാദയുമുള്ളവർ സഭയിലു് എന്നത് തുറന്നുപറയേത് എന്റെ ചുമതലയാണ്. എന്നാൽ ആരുടെയെങ്കിലും മര്യാദയോ മര്യാദകേ ടോ എന്റെ നിലപാടിനെ ബാധിക്കുന്നില്ല എന്ന കാര്യം ഞാൻ മറച്ചുവയ്ക്കുന്നില്ല.

സഭയിലെ സെമിനാരികളിൽ അതിന്റെ ദൗത്യം പൂർണ്ണരീതിയിൽ നിർ വ്വഹിക്കപ്പെടേതു്. സഭയ്ക്കു വേി പൂജാരികളെ സൃഷ്ടിക്കുകയല്ല സെമിനാരികളുടെ പ്രധാന കർത്തവ്യം. അവ പഠനത്തിന്റെയും ചിന്തയുടെയും കേന്ദ്രങ്ങൾ ആവണം. അവിടെ പുതിയ ആശയങ്ങൾ ജനിക്കണം. പറഞ്ഞുകൊിരിക്കുന്നത് നിർത്താതെ പറയുന്നതല്ല ഓർത്തഡോക്സി. പ്രബുദ്ധമായ സഭാനേതൃത്വത്തെ പാകപ്പെടുത്തുന്ന സ്ഥലമാ യി സെമിനാരികൾ തീരണം. സ്വത ന്ത്ര ബുദ്ധിയും വിശകലനശേഷിയും സാധിക്കുന്നതിന് അവ പ്രേരകമാവണം. ഇത്തരത്തിൽ സെമിനാരികൾ ആകുന്നില്ല എങ്കിൽ സഭയെപ്പറ്റി ഭാരപ്പെടാൻ നമുക്ക് കാരണമാകും. ബൗ ദ്ധിക മാത്സര്യക്ഷമതയും വേദപുസ്തക അറിവും മാത്രമാണ് വൈദീകരംഗത്ത് വരുന്നവരുടെ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം എന്ന ചിന്ത പോരാ. കാര്യശേഷി, സത്യസന്ധത, വൈദീകശുശ്രൂഷയോടുള്ള ആഭിമുഖ്യം, തുറന്ന മാനസിക സമീപനം എല്ലാം പരിഗണിക്കേതു്. എ ന്തായാലും സഭയുടെ ദൗത്യനിർവ്വഹണത്തിൽ വൈദീകരുടെ നിർണ്ണായക പങ്കിനെപ്പറ്റി സഭ ചിന്തിക്കേതു്.

ദീർഘകാലത്തെ സംഘർഷ ചുറ്റുപാടിൽ ശുശ്രൂഷിക്കുന്ന എന്റെ ഭദ്രാസനത്തിലെ വൈദീകർ പലപ്പോഴും തളർന്നു പോകുന്നത് എനിക്കറിയാം. എന്നാലവരെ ബലപ്പെടുത്താനോ ഉത്തേജിപ്പിക്കാനോ എനി ക്കു വേവിധം കഴിയുന്നില്ല എന്ന ബലഹീനതയെപ്പറ്റി ഞാൻ ബോധവാനാണ്. പ്രതികൂല സാഹചര്യങ്ങളിലും അർപ്പണഭാവത്തോടെ ശു ശ്രൂഷ ചെയ്യുവാനുള്ള പ്രേരണയും സഹായവും ദൈവം അവർക്കു നൽ കട്ടെ. എന്റെ ശുശ്രൂഷാജീവിതത്തിൽ പങ്കാളികളാണവർ. എന്റെ ബലഹീനതയിലും കുറവുകളിലും അവരുടെ സാന്നിധ്യമാണ് തുടർന്നു ള്ള ശുശ്രൂഷയ്ക്ക് എനിക്ക് കരുത്ത് പകരുന്നത്. അനീതി നിറഞ്ഞ വ്യവസ്ഥകളോട് സന്ധിചെയ്ത് ജീവിക്കുന്നതിൽ അർത്ഥമില്ല എന്ന ബോധ്യം അവർക്കെന്നും നൽകണമേ എന്ന പ്രാർത്ഥനയേ എനിക്കുള്ളൂ. ജാഗ്രതയോടെ യും വിശ്വസ്തതയോടെയും ദൈവത്തിൽനിന്നു പ്രാപിച്ച പട്ടത്വ

പൗരോഹിത്യ ശുശ്രൂഷ ദൈവഹിത പ്രകാരം തങ്ങളുടെ ഇടവകകളിൽ നിർവ്വഹിച്ച് അർത്ഥവത്തായ സേവ നചരിത്രം പൂർത്തിയാക്കാൻ ഓരോ രുത്തർക്കും സാധിക്കട്ടെ.

എന്റെ സഭാശുശ്രൂഷയിൽ ആദിയോടന്തം തങ്ങളുടെ സാമീപ്യവും പിന്തുണയും ഉറപ്പാക്കിയവരാണ് ക നാട് ഭദ്രാസനത്തിലെ മർത്തമറി യം വനിതാസമാജാംഗങ്ങൾ. അവർ എന്നെ സംബന്ധിച്ചിടത്തോളം ഒരു ആത്മീക പ്രവർത്തകരുടെ വെറും കൂട്ടായ്മ മാത്രമല്ല. എന്നെ അവരുടെ മെത്രാച്ചൻ എന്ന നിലയിൽ സ്നേഹിക്കുകയും എന്റെ ശുശ്രൂഷകൾ ഫലവത്താകാൻ നിരന്തരം പ്രാർത്ഥിക്കുകയും സത്പ്രേരണ കൊ് മന നുനിറയ്ക്കുകയും ചെയ്യുന്നവരാണവർ. എന്റെ സങ്കടങ്ങൾ അവർ സ്വന്തമാക്കി. വ്യഥയും, വിഹ്വലതയും, ആകുലതയും ഒന്നും സ്വയമായി അനുഭവിക്കുവാൻ അവർ എന്നെ ഏകനായി വിട്ടിട്ടില്ല. അവരുടെ പ്രാർ ത്ഥന എന്റെ വഴിയാത്രകളിൽ എ നിക്ക് കൂട്ടായി. ഞാൻ സഞ്ചരിച്ച വഴികളിലെ കാഴ്ചക്കാരായിരുന്നില്ല അവർ. എന്റെ കൂടെ ഇറങ്ങിത്തിരിച്ച് എന്റെ സഭാശുശ്രൂഷയിലെയും സ്വകാര്യ ജീവിതത്തിലെയും കുരിശ് താങ്ങുവാൻ അവർ എന്നും സന്മന ് കാണിച്ചു. എന്റെ മന ് കലങ്ങിയാൽ അവരറിയും. ജീവിതത്തിലെ സന്തോഷാവസരങ്ങളെയെല്ലാം ദീ പ്തമായ ജീവിതാനുഭവങ്ങളും ഹൃദ്യമായ സ്മരണകളുമായി അവർ മാറ്റി. നി ഹായതയുടെ മധ്യത്തിൽ എന്നും പ്രത്യാശ ജനിപ്പിക്കുന്നവരായിരുന്നു അവർ. ഭയത്തിന്റെ നടുവിലെ സാന്ത്വന സ്പർശം മറ്റാരുടേതുമായിരുന്നില്ല. ഇതൊരു ദിവ്യമായ, പ ാർശ്വ താല്പര്യങ്ങളില്ലാത്ത, ആഴമായ ജീവിത ബന്ധത്തിന്റെ ചരിത്രമാണ്. പട്ടമേറ്റ സമയങ്ങളിൽ എന്റെ അടുക്കൽ വന്നിരുന്ന് ശിശുസഹജമായ ജിജ്ഞാസയോടെ മനുഷ്യജീവിതത്തിന്റെ ദുരൂഹതകളെപ്പറ്റിയും സംശയങ്ങളുതിർത്ത് എന്നെ കുഴക്കിയ അന്നമ്മക്കൊച്ചമ്മ എനിക്കിന്നും താരതമ്യമില്ലാത്ത ഒരു പ്രഹേളികയാണ്. കൊച്ചമ്മയുടെ ആകസ്മികമായ വേർപാട് എന്റെ ഒരു കൂടപ്പിറപ്പിന്റെ മരണം പോലെ എനിക്ക് ശോകജനകമായത് അകാരണമായിരുന്നില്ല. പാചകകലയുടെ ആദ്യപാഠം പോലും വശമില്ലാതിരുന്ന കൊച്ചമ്മ പാകം ചെയ്തു തന്നത് എനിക്ക് അകത്താക്കാൻ സാധിച്ചിരുന്നത് അപ്രതിരോധ്യമായ ആ സ്നേഹത്തിനു മുമ്പിൽ മറുത്തുനിൽക്കാനാകാത്തതുകൊാണ് ഇതെല്ലാം. വെറും വ്യക്തിപരമായ സ്നേഹത്തിന്റെ കാര്യമല്ല. സമാജമവുമായുള്ള പ്രത്യേക അടുപ്പത്തിന്റെ സൂചകമാണ്. എല്ലാ സമാജപ്രവർ ത്തകരോടും ഇതിന് സമാനമായ അടുപ്പമെനിക്കു്. അന്നമ്മക്കൊച്ചമ്മയോടുള്ള അടുപ്പം ഇതിനൊരുദാഹണം മാത്രം. സമുദായ കേസിന് പണം സമാഹരിക്കാൻ അമേരിക്ക യ്ക്ക് പോയപ്പോഴായിരുന്നു കൊച്ചമ്മയുടെ മരണം. 'തിരുമേനി ഇപ്പോൾ നാടുവിട്ടാൽ ശരിയാകില്ലല്ലോ' എന്ന അവരുടെ തട ംപറയൽ തന്റെ മരണസമയത്ത് ഞാനിവിടെ ഉായിരിക്കണമെന്ന അന്ത്യാഭിലാഷം പുറത്തുവിടാതെ പറഞ്ഞതായി അന്ന് എനിക്ക് തിരിച്ചറിയാനായില്ല. കാരണം അങ്ങനെയൊരു ദൈവഹിതത്തെപ്പറ്റി ഞാൻ ചിന്തിച്ചിരുന്നേയില്ല. ഞാൻ അമേരിക്കയിൽ കഴിയുമ്പോഴായിരുന്നു കൊച്ചമ്മയുടെ ദേഹവിയോഗം. അന്നെന്റെ വികാരവിക്ഷോഭം മൃദുല വികാരങ്ങൾക്ക് അപരിചിതനായ നിക്കോളാവോസ് തിരുമേനിയെ അങ്കലാപ്പിലാക്കിയത് കുറച്ചൊന്നുമല്ല എന്ന് ഞാനിന്നും ഓർക്കുന്നു. ഇതുപോലുള്ള കാര്യങ്ങൾ, അവരിൽ ഓരോരുത്തരെപ്പറ്റിയും പറഞ്ഞ വ്യക്തിപരമായ പരാമർശങ്ങൾ നട ത്തി, അവരെ സംഭ്രമിപ്പിക്കാൻ ശ്രമിക്കുന്നത് മര്യാദകേടാണ് എന്നെനിക്ക് അറിയാമെന്നതുകൊ് ഞാൻ അ തിനു തുനിയുന്നില്ല. തങ്കമ്മക്കൊച്ചമ്മയുടെയും കൂട്ടുകാരികളുടെയും മന ിന്റെ നിഗൂഢതകളിൽ നിന്നും സ്വ ഛമായി എന്റെ നേർക്ക് പ്രവഹിക്കുന്ന വാത്സല്യവും കാരുണ്യവും ഇന്നൊരു പ ൂർവ്വകാല ബന്ധങ്ങളുടെ ഓർമ്മ സൃഷ്ടിക്കുന്നതാണ്. മുൻ ജന്മത്തിലെന്നോ അടുത്തു കഴിഞ്ഞവർ പ ുനർ സന്ധിക്കുമ്പോഴുാകു ന്ന ജന്മാന്തര സ്മരണകളാണവർ ഉണർത്തുന്നത്. അവരുടെ അന്തർരംഗത്തു നിന്ന് നിറഞ്ഞു കവിയുന്ന സ്നേഹത്തിന്റെയും കരുതലിന്റെയും ആഴവും പരപ്പും കാണാതെ എന്റെ സഭാശുശ്രൂഷാനുഭവങ്ങൾ വിവരിച്ചാൽ അതെത്ര ശുഷ്കമായിരിക്കും! സ്വന്തം ജീവിതത്തിലെ അത്യാവശ്യങ്ങൾക്കു വേിയുള്ള പണം, എന്റെ ആവശ്യവും ഞാൻ കാണിക്കുന്ന പ ിശുക്കും കിട്ട്, എനിക്കുവേി മാറ്റിവച്ച് പ്രതിരോധിക്കാനാവാതെ എന്റെ പക്കൽ എത്തിക്കുന്ന ആ മന ുകളുടെ പരിശുദ്ധിയും ദിവ്യത്വവും ഹൃദയനൈർമല്യവും ത്യാഗഭാവവും മറ്റാർക്ക് അവകാശപ്പെടാനാവും? എവിടെയും സ്വാർത്ഥതയും വൈകൃതവും മാത്രം ദൃശ്യമാകുന്ന ലോകത്തിൽ അവരെ ഒരു അപവാദമായി ഞാൻ കാണുന്നു. പരിമിതിയില്ലാത്ത പരപ്പുള്ള സ്നേഹം മറ്റൊരിടത്തും അധികം കാണാനാകുന്നില്ല. എന്റെ സഹജമായ കുറവുകൾ കാണുമ്പോൾ അതിൽ വിരൽ ചൂി മുറിപ്പെടാത്താതെ ഇതൊക്കെ ഞ ങ്ങൾ കാണുന്നു് എന്നു സൂചിപ്പിച്ച് എന്നെ നന്നാക്കാൻ സത്പ്രേരണ നല്കുന്നവരാണവർ. ജീവിതത്തിൽ എവിടെയും മന ് തിരിച്ചറിയാതെ കുത്തിനോവിക്കുന്നവരുടെ ഇടയിൽ അവർ എനിക്ക് നൽകുന്ന സാന്ത്വനം താരതമ്യമില്ലാത്തതാണ്. പൂത്തുലഞ്ഞു നിൽക്കുന്ന പൂമരങ്ങളുടെ ഹൃദ്യതയാണ് അവരുടെ സാമീപ്യം നൽകുന്നത്. വാർദ്ധക്യത്തിന്റെ ആദ്യകടമ്പകൾ പിന്നിട്ടവരാണ് അവരിൽ പലരുമെങ്കിലും അന്തരംഗത്തിൽ നിറഞ്ഞുകവിയുന്ന ദിവ്യസൗന്ദര്യത്തിന്റെയും അസാമാന്യമായ കാന്തിയുടെയും താരുണ്യത്തിന്റെയും ഉറവകളാണവർ. സ്നേഹത്തിന്റെ പൂനിലാവ് പോലെയുള്ള അവരുടെ സാന്നിധ്യവും രാത്രിയുടെ മധ്യ

യാമങ്ങളിൽ പോലും എനിക്കു വേി ഉതിർക്കു ന്ന അവരുടെ പ്രാർത്ഥനകളും ഞാൻ വിസ്മരിച്ചാൽ ഞാൻ അധമനായിത്തീരും. അവർ സ്ത്രീത്വത്തിന്റെ സഹജ സ്വഭാവമായ സാഹസിക സ്നേഹത്തിനും കരുതലിനും തിരി ച്ചു നൽകാൻ ഈ നന്ദിവാക്കുകൾ മാത്രമാണെനിക്കുള്ളത്. താൻ സ്നേ ഹിച്ചവൻ ദൈവമായിത്തീരുവാൻ സാധ്യത കപ്പോൾ പഴം പറിച്ച് അവന് കൊടുക്കുകയും അവൻ ദൈവമാകുമ്പോൾ അതിൽ തനി ക്കും പങ്കുപറ്റാനാകുമല്ലോ എന്ന് ചി ന്തിക്കുകയും ചെയ്ത ഹവ്വായിൽ സ്വാർത്ഥത മാത്രം കാണുന്നതിൽ അല്പം പ ിശകില്ലേ? ഭവിഷ്യത്തുകൾ നോക്കാതെ സ്നേഹിക്കുന്ന സ്ത്രൈണ മന ിന്റെ സാഹസിക ഭാവം ഈ സ്ത്രീകൾക്ക് മാതൃസ്വത്തായി ലഭിച്ചിട്ടുങ്കെിൽ അത്ഭുതപ്പെടാനാവില്ല. മനുഷ്യരോടുള്ള ദൈവസ്നേഹത്തെ പ്രതി സ്വന്തംജീവിതത്തിന്റെ നിലനിൽപ്പു പോലും അപകടപ്പെടുത്താൻ ധൈര്യം കാണിച്ച മറിയാം സ്ത്രീശക്തിയുടെ മൂർത്തമായ മാതൃകയാണ്. ചരിത്ര മദ്ധ്യത്തിൽ ദൈവനിയോഗത്തോട് സമ്മതം മൂളാൻ മറ്റാരോടും ആലോചന ചോദിക്കാത്ത മറിയാമിന്റെ തന്റേടവും ദൈവാനുസരണവും സാഹസികതയും ആ മാതാവിന്റെ പേരെടുത്ത പ്രസ്ഥാനത്തിലെ സ്ത്രീസൂനങ്ങൾ പ്രകടിപ്പിക്കുന്നത് സഹജമായ ഒരു സവിശേഷതയായി മാത്രം കാണാനാവില്ലല്ലോ. ഈ സ് നേഹം ഓർക്കുമ്പോഴെല്ലാം കണ്ണുനിറയും. അവർ ഓരോരുത്തരും സ്വാകാര്യ കുടുംബജീവിത സാഹചര്യങ്ങളിൽ ആഹ്ലാദം മാത്രം അനുഭവിക്കുന്നവരല്ല. പ്രശ്നത്തിന്റെ കടുപ്പവും ദുഃഖത്തിന്റെ ഘനീഭവിച്ച ഭാവങ്ങളും അ വർക്കന്യമല്ല. ഇതിന്റെയെല്ലാം മധ്യത്തിലാണ് സ്നേഹത്തിന്റെ വ റ്റാത്ത നീരുറവയായി അവർ ഭവിക്കുന്നത്. സഭാജീവിതത്തിന്റെ വൈവിധ്യമാർ ന്ന സാഹചര്യങ്ങളിലൊന്നും ഒരു നി യന്ത്രണത്തിനും ശ്രമിക്കാതെ എന്റെ ഓരോ സഭാനടപടികൾക്കും ഭാവുകങ്ങൾ നേരുന്നവരെ ഓർക്കാനായി ഈ ഭാഗം ഞാൻ മാറ്റിവച്ചിരിക്കുന്നു. കൂടെ നിന്നവർ നിർവികാരരായി പുതിയ വഴികൾ കത്തെിയപ്പോ ഴും, മാറിനിന്ന് പുതിയ സാധ്യതകൾക്ക് വിലപേശിയപ്പോഴും, തങ്ങളുടെ ഇന്നത്തെ അവസ്ഥയ്ക്ക് എന്നെ പഴിചാരാൻ അവസരം നോക്കിയപ്പോഴും കുരിശിന്റെ ചുവട്ടിൽ നിന്നിരുന്ന സ്ത്രീകളുടെ അവശേഷിപ്പായി എന്റെ ശുശ്രൂഷാ ജീവിതം ഹൃദ്യമാക്കിയവരെപ്പറ്റി മൗനം ദീക്ഷിക്കാനാവില്ല. ഒരുപിടി നന്ദിയുടെ നറുമലർ പ്രിയ സഹോദരിമാർക്ക് സ്നേഹപൂർവ്വം അർപ്പിക്കുന്നു.

എന്റെ ബന്ധുക്കൾ എന്റെ സഭാശുശ്രൂഷയിൽ എനിക്കെന്നും തുണയായി നിന്നിട്ടു്. വൈദീക ശുശ്രൂഷ തിരഞ്ഞെടുക്കുന്നതിൽ എന്റെ മാതാപിതാക്കളുടെ ജീവിതം എനിക്കേറെ പ്രേരകമായിരുന്നിട്ടു്. എന്റെ ഒരു സഹോദരൻ എനിക്കു മുമ്പേ വൈ ദീക ശുശ്രൂഷയിലും കാലുറപ്പിച്ചിരുന്നു. സഹോദരന്മാരുടെ ര് മക്കൾ ഇന്ന് വൈദീക ശുശ്രൂഷയിൽ എന്നോടൊപ്പമു്. അതിൽ ഒരാളുടെ ഭാ ര്യയും വേദശാസ്ത്രപഠനം കഴിഞ്ഞ് സഭാശുശ്രൂഷയിൽ എക്യുമെനിക്കൽ രംഗത്തും തന്റെ സാന്നിധ്യം പ്രകടമാക്കുന്നു. മേൽപ്പട്ട സ്ഥാനത്തേയ്ക്ക് എന്റെ പേര് പരിഗണിച്ചപ്പോൾ ബന്ധുക്കളിൽ ആരുംതന്നെ അതിന് അനുകൂലമായിരുന്നില്ല. എന്നാൽ മെത്രാനായപ്പോഴും ഓരോ സമയത്തും എന്റെ ആവശ്യം മന ിലാക്കി അവർ എന്നെ സഹായിക്കാൻ ശ്രദ്ധിച്ചിട്ടു്. എന്റെ സ്ഥാനം ഉപയോഗപ്പെടുത്തി ഒരു നേട്ടവും അവർ ഉാക്കിയിട്ടില്ല. ഒരു സൗജന്യവും അവർ തേടിയിട്ടുമില്ല. ഞാൻ കൊടുത്തിട്ടുമില്ല. എന്നാൽ ഓരോ സമയത്തും സാമ്പത്തികവും ധാർമ്മികവുമായ പിന്തുണ അവർ എനിക്കു നൽകിയിട്ടു്. എന്റെ മുൻ സുഹൃത്തുക്കൾ നടത്തിയ കയ്പേറ്റ ശ്രമങ്ങളിലെല്ലാം മുമ്പിലിറങ്ങി ദേഹസംരക്ഷണം നൽ കാനും അവർ മിനക്കെട്ടിട്ടു്. റിട്ടയർ ചെയ്തകാലം മുതൽ ഭദ്രാസന ബുള്ളറ്റിനിന്റെ ചുമതല വഹിക്കുന്ന എന്റെ സഹോദരൻ ഉൾപ്പെടെയുള്ള എല്ലാ ബന്ധുക്കളോടും കുടുംബാംഗങ്ങളോടുമുള്ള കടപ്പാട് വലുതാണ്. പെരിയാമ്പ്ര സെയ്ന്റ് ജോർജ് പള്ളിയാണ് എന്റെ മാതൃ ഇടവക. അവിടെ കലഹം സൃഷ്ടിക്കുക വിഘടനവാദികളുടെ ഒരു പ്രാഥമിക ലക്ഷ്യമായിരുന്നു. അത് നടക്കാതെ വന്നതിൽ എന്റെ മാതാപിതാക്കളുടെയും കാ വൽ പിതാവായ ഗീവർഗീസ് സഹദായുടെയും മദ്ധ്യസ്ഥത ഉ് എന്നുതന്നെയാണ് എന്റെ വിശ്വാസം. അവിടെ

കവിത

മൂല്യനിർണ്ണയം

ഞാണറ്റ വില്ലിന്റെ വ്യർത്ഥഫലത്തെ
പാരാതെയോർത്തെന്തിനലസഭാവം
ഞാണേറ്റി വീം ശരമെയ്തു ലക്ഷ്യം
സ്വായത്തമാക്കുന്നു സമർത്ഥരെങ്ങും!
ഭവിച്ച തെറ്റോർത്ത് തപിച്ചിടാതെ
മനുഷ്യരാശിക്ക് സുഖത്തിനായി
ഉറച്ചുനിന്നൊന്ന് ശ്രമിക്കുമെങ്കിൽ
തനിക്കുമന്യർക്കുമതീവ സൗഖ്യം
പ്രാണഹാനി വന്നാലും കുലീനർക്ക്
മാനഹാനിയാണത്യന്തഭീതിദം
മാനഹാനിവന്നാലും കുടിലർക്ക്
പ്രാണഹാനിയാണേറ്റം ഭയാനകം!
വക്രബുദ്ധികൾക്കെപ്പോഴും മിഥ്യയെ
സത്യമെന്നുവരുത്തുവാൻ കുശലം!
സത്യബുദ്ധികൾ തൊട്ടറിഞ്ഞുണ്മതൻ
മുഗ്ദ്ധലാവണ്യ ദുഗ്ദ്ധം നുകർന്നിടും!
സ്വന്തജീവിതം മേന്മേൽ നിരീക്ഷണം
ചെയ്തുണർന്നതിൻ മൂല്യം ഗ്രഹിക്കണം.
വൻ പരാജയമാകാതവനവൻ-
തന്നെ പാഠ്യവിഷയമായീടണം!
വിദ്യയും വേദസത്യവും തന്നിലാ-
ണുജ്ജ്വലിപ്പിച്ചതായി മാറിടണം
നിഷ്ഠവെച്ചടിവെച്ചാലനുക്രമം
സത്യദർശനം സിദ്ധമായ്ത്തീർന്നീടും!

ഡോ. റിയാ കെ. ജോൺ

വഴിവിളക്ക്

അരവണപ്പായസത്തിന്റെ മധുരം

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

അമ്മയോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ സാക്ഷ്യത്തിന് നാളെ തുടക്കമാവുകയാണ്. ശബരിമല തീർത്ഥാടനം. അമ്മയുടെ അസുഖം മാറുന്നതിനു വേി പുലിയുടെ പാൽ തേടിപ്പോയ മകൻ. അമ്മയ്ക്കു വേി ജീവൻ കളയാൻ പോലും തയ്യാറാകുന്ന വലിയ സ്നേഹം.

എന്റെ ചെറുപ്പകാലത്ത് ഇന്നത്തെപ്പോലെ ശബരിമലയ്ക്ക് റോഡ് സൗകര്യങ്ങളില്ല. ഓരോ അയ്യപ്പഭക്തന്റെയും നാല്പത്തൊന്ന് ദിവസത്തെ കഠിനമായ വ്രതാനുഷ്ഠാനത്തിൽ സ മൂഹവും പങ്കാളിയാവുകയാണ്. ഞ ൾ കുട്ടികൾ എല്ലാവരും കൂടി ഘോ ഷയാത്രയോടെയാണ് കന്നി അയ്യപ്പനെ യാത്രയാക്കുന്നത്. ഒരാളുടെ നന്മ അയാളുടെ സമൂഹത്തിലേയ് ക്കും പകരുന്ന നിമിഷങ്ങളാണവ.

ശബരിമലയിലേയ്ക്കുള്ള വഴിയുടെ ഇരുവശത്തും ഇന്നുള്ള കടകൾക്കു പകരം അന്ന് കാട്ടുമൃഗങ്ങളുള്ള കൊടും കാടാണ്. ആ സ്ഥാനത്ത് ഇന്ന് കച്ചവടക്കാർ. ഈശ്വരകടാക്ഷം കിട്ടുമെന്ന വിശ്വാസം പ്രതിസന്ധികളെ തരണം ചെയ്യാൻ പ്രേരകമാകുന്നു. ശബരിമലയിലേയ്ക്ക് പോകുന്ന അയ്യപ്പന്മാർക്ക് കഞ്ഞിവെയ്ക്കാൻ അരിയും പാത്രവും മറ്റും വീടുകളിൽ നിന്ന് നൽകിയിരുന്നു. തങ്ങളറിയാതെ സാമൂഹികബോധം ഉള്ളിൽ വളരാൻ ഇതൊക്കെ കാരണമായിട്ടുാവണം.

കഠിനമായ യാത്രയുടെ അവസാനം ശരണംവിളികളുടെ പാരമ്യത്തിൽ സ്വയം ദൈവത്തിന് സമർപ്പിക്കുന്നതിനോടൊപ്പം തന്റെ നേട്ടങ്ങളിൽ ഒരു ഭാഗവും ഭക്തർ കാഴ്ചവയ്ക്കുന്നു. കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നെത്തുന്നവർ അയ്യപ്പസ്വാമിക്ക് തങ്ങളുടെ സമ്പത്തിൽ ഒരുഭാഗം സമർപ്പിക്കുന്നതിനെക്കുറിച്ച് പലരും പറഞ്ഞുകേട്ടിട്ടു്. തന്റെ വിളവ് മോശമായതിനാൽ ഇത്തവണ കുറ ച്ചേ ഉള്ളൂ എന്ന പരിഭവത്തോടെ ഒരു ആന്ധ്രാക്കാരൻ സ്വാമി ചാക്ക് നിറയെ നോട്ടുകെട്ടുകൾ അയ്യപ്പന് നൽകി. ഈ വർഷം അയ്യപ്പന് ഒന്നും തരാനില്ലെന്ന് പറയുന്നവരുങ്കെിൽ അത് മലയാളികളിൽ ചിലർ തന്നെയാവും. ഇവിടെ ഒരു വലിയ പാഠമു്. ദൈവത്തിന്റെ തൃപ്തിയാണ് എന്റെ അനുഗ്രഹത്തിന് കാരണം എന്ന് ചിലർ വി ചാരിക്കുന്നു. എന്നാൽ, എന്നെ അ നുഗ്രഹിക്കുന്നതാണ് ദൈവത്തിന്റെ തൃപ്തി എന്ന ചിന്തയുമായി മറ്റ് ചി ലർ.

ശബരിമല സീസണിൽ ചില വിരുതന്മാർ അയ്യപ്പഭക്തന്മാരെ പറ്റിക്കാനും ഇറങ്ങും. നമ്മുടെ നാട്ടിൽ ആർക്കും വോത്ത ചക്ക തമിഴന് അമൃതാണ്. തേൻമധുരമുള്ള നല്ല പഴുത്ത വരിക്കച്ചക്ക മുറിച്ചുവച്ച് ചിലർ മലയിറങ്ങി വരുന്ന ഭക്തരെ കാത്തിരിക്കും. തമിഴ്നാട്ടിൽ നിന്നും ആന്ധ്രായിൽ നിന്നും വരുന്ന ഭക്തർക്ക് ഓരോ ചുള നൽകും. അതിന്റെ മധുരത്തിൽ ആകൃഷ്ടനാകുന്ന ഭക്തന് അവിടെ കൂട്ടിവച്ചിരിക്കുന്ന പൊട്ടുചക്ക ഇരട്ടിവിലയ്ക്ക് വിൽക്കും. തീർത്ഥാടകർ നാട്ടിലെത്തി ചക്ക മുറിക്കുമ്പോഴാണ് തങ്ങൾ കബളിപ്പിക്കപ്പെട്ടിരിക്കുന്ന കാര്യം അറിയുക. ഇങ്ങനെ തീർത്ഥാടകരെ പറ്റിക്കുന്നവരെ പാതാളത്തിൽ പോലും കയറ്റുമെന്ന് തോന്നുന്നില്ല.

ഓരോ മണ്ഡലക്കാലവും അരവണപ്പായസത്തിന്റെ മധുരം നിറഞ്ഞ ഓർമ്മകൾ കൂടിയാണ് എനിക്ക് നൽകുന്നത്. എന്റെ സഹായികളിലൊരാൾ എല്ലാവർഷവും ശബരിമലയ്ക്ക് പോകുന്ന ഉറച്ച ഹിന്ദുമതവിശ്വാസിയായിരുന്നു. ശബരിമലയിലെ പ്രസാദമായ അരവണപ്പായസവും അപ്പവും അദ്ദേഹം കൊുവന്നുതരും. അതെനിക്ക് വലിയ ഇഷ്ടമാണ്. ഒരു ദൈവീകദർശനം കൂടി അതിലു്. തന്റെ ദൈവത്തിൽ നിന്ന് ലഭിക്കുന്ന ഏറ്റവും വിലപ്പെട്ട പ്രസാദം അയാൾ എനിക്കുകൂടി പങ്കുവയ്ക്കുകയാണ്. ദൈവം നൽകിയ അനുഗ്രഹം മറ്റുള്ളവരുമായി പങ്കിടാനും അവരോടൊത്ത് ചെലവഴിക്കാനും തയ്യാറാകണമെന്നാണ് ഓരോ തീർത്ഥാടകനും നമുക്ക് സമ്മാനിക്കുന്ന അരവണപ്പായസം പഠിപ്പിക്കുന്നത്.

മലയിറങ്ങിവരുന്ന ചിലരെയെങ്കിലും ഞങ്ങൾ കുട്ടികൾക്കിഷ്ടമില്ലായിരുന്നു. കാരണം കാട്ടിൽ നിന്ന് വെട്ടിയ ചൂരലുകളും കൊാണ് അവർ വരിക. ആ ചൂരൽ ചെന്നെത്തുന്നതോ, ഞങ്ങളെ തല്ലാൻ കൈ ചൂടാക്കിയിരിക്കുന്ന സാറന്മാരുടെ

(2-ാം പേജിൽ നിന്ന് തുടർച്ച)

ധനാ സമയം അറിയിക്കുന്നതിനായി ഉപയോഗിച്ചിരുന്നതാണ്. ഇക്കാലത്ത് അവ അനുപേക്ഷണീയമായി തോന്നുന്നില്ല. ആരാധനയുടെയും പ്രസംഗങ്ങളുടെയുമെല്ലാം ശബ്ദം അതാതു സ്ഥലത്ത് സമ്മേളിച്ചിരിക്കുന്നവർക്കു മാത്രം ഭംഗിയായി കേൾക്കുവാൻ പരിമിതപ്പെടുത്തോണ്. മതവികാരം വ്രണപ്പെടുമെന്ന് ഭയന്ന് മറ്റുള്ളവർ പരാതിപ്പെടാറില്ല. ആരെങ്കിലും പൊതുതാല്പര്യ ഹർജി മുഖേനയോ മറ്റോ വിലക്ക് നേടുന്നതിനു മുമ്പ് നാം സ്വയം മന ിലാക്കി ഇതൊക്കെ നിയന്ത്രിക്കേതാണ്. ആരാധനകളും പ്രസംഗങ്ങളും ആഘോഷങ്ങളുമൊക്കെ പൊതുജനത്തിന് ശല്യമാകാതാതിരിക്കാൻ പ്രത്യേകം കരുതൽ വേണം. പരീക്ഷാകാലയളവിൽ നടക്കുന്ന കൺവെൻഷൻ പ്രസംഗപരമ്പരകളുടെ ശബ്ദം പന്തലിൽ ഒതുങ്ങത്തക്കവിധം ക്രമീകരിക്കേതാണ്.

പൊതുനിരത്തുകളിലെ സമ്മേളന നിരോധനം എല്ലാ രാഷ്ട്രീയപാർട്ടികളുമടക്കം സർവ്വരും

സുഭാഷിതങ്ങൾ

കിണർ

ഫാ. ബോബി ജോസ് കട്ടിക്കാട്

ദാഹം ഉള്ളിടത്തേയ്ക്ക്
ജലം ഒഴുകുന്നു.

സ്ത്രീയുടെ ഹൃദയം യാക്കോബിന്റെ കിണറിനേക്കാൾ ആഴമുള്ളതാണ്. അലകളില്ലാത്തതുകൊ് അതിന് ആഴമില്ലായെന്നും, ചുഴികളില്ലെന്നും കരുതുന്ന അവളുടെ പുരുഷന്മാർ- പലപ്പോഴും അവർക്ക് ഒരു കോപ്പയുടെ ആഴമേയുള്ളൂ. വളരെ പെട്ടെന്ന് അവൾക്കവരെ മടുക്കുന്നു. ഒരടുപ്പത്തിലും അനന്തതയുടെ മുദ്രയില്ല. വാക്കും അർത്ഥവും പോലെ അഭേദ്യമാകുന്നില്ല അവരുടെ ജീവിതം. അലച്ചിലുകളൊക്കെ അവനെത്തേടിയാണ്- ഇന്ദ്രിയങ്ങളുടെ ചരടും, തൊട്ടിയുമില്ലാതെ അവളെ അറിയുന്നൊരാളെ! മിഴികളിൽ നോക്കുമ്പോൾ ഹൃദയത്തിന്റെ അടിത്തട്ട് കാണാൻ കെൽപ്പുള്ള ആറാമതൊരാൾ. എന്നിട്ടും ആ പാദങ്ങളിൽ തന്നെത്തന്നെ അർപ്പിക്കുന്നതിനു മുമ്പ് അവൾക്ക് ചില തെളിമ ആവശ്യമു്. ഉറുമ്പുകളിൽ നിന്ന് ആരംഭിച്ച്, പ്രത്യേകിച്ച് ഒരു കാരണവും പറയാനില്ലാത്ത ആ കരച്ചിലിലവസാനിക്കണം ഏതൊരു സ്ത്രീയുടെയും ആഖ്യായിക.

തെല്ലൊരു ഒളിച്ചുകളിയിലായിരുന്നു അവൾ എന്നും. ഭൂമിയുടെ എല്ലായിടങ്ങളിലും നമ്മുടെ സാറ്റുകളിക്ക് സാദൃശ്യമായ എന്തെങ്കിലും ഉന്നുള്ളത് എന്തിന്റെ അടയാളമാണ്. ഒളിച്ചിരിക്കുന്നതിലല്ല ആ കളിയുടെ രസം, കുപിടിക്കുന്നതിലാണ്. മുതിരുമ്പോൾ നമ്മൾ ദൈവമായിട്ടും പാത്തുകളിക്കുന്നു. എന്നിട്ടും ഒളിച്ചിരിക്കുമ്പോൾ, എന്നെ കുപടിക്കാൻ അവൻ വൈകുന്നതെന്തേ എന്നോർത്ത് വേവലാതിപ്പെടുന്നു- സങ്കീർണ്ണമാണ് നമ്മുടെ മന്ˇ. എല്ലാ കളികളും ഒരു ചെറിയ പുഞ്ചിരിയോടെ കാണുന്ന ഒരാൾ ആ കിണറിന്റെ വക്കിലു്. സിക്കാറിലാണ് ആ കിണർ. സിക്കാറിനുമീതെ ചില പൂർവ്വസ്മൃതികളുടെ സുഗന്ധമു്. യാക്കോബ് ജോസഫിനു കൈമാറിയ വയൽ അവിടെയു്. ജോസഫിനെ പിന്നീട് സംസ്കരിച്ചതും അ വിടെത്തന്നെ.

സിക്കാർ അവളുടെ പട്ടണത്തിൽ നിന്ന് അകലെയാണ്. സ്വന്തം നഗരത്തിനു വെളിയിലുള്ള ആ കിണറിൻകരയിൽ ഈ പൊള്ളുന്ന വെയിലിൽ അവൾ എന്തിനാണ് വന്നത്. അവൾക്ക് ഭ്രഷ്ടായിരിക്കാം എന്നൊരുനുമാനമു്. സമൂഹം വരയ്ക്കുന്ന ചില കളങ്ങളെ അവഗണിച്ചവർ വില നൽകിയേ തീരൂ. അവൾ മനുഷ്യനെ അഭിമുഖീകരിക്കുവാൻ ഇഷ്ടപ്പെട്ടില്ല എന്ന് കരുതുന്നവരുമു്. അവൾപോലുമറിയാതെ അവനിലേയ്ക്കവൾ ആകർഷിക്കപ്പെടുകയായിരുന്നു എന്ന് കരുതുന്നതാണ് ഭേദം. അത്തരം ചില വശീകരണങ്ങൾ ഇല്ലാതെ ആർക്കും ആ ചരണങ്ങളിലെത്താനാവില്ല. എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാതെ ആരും എന്റെ സന്നിധിയിലേയ്ക്ക് എത്തുന്നില്ല എന്ന് ക്രിസ്തു അത്തരം അനുഭവങ്ങളെ സംഗ്രഹിക്കുന്നു്. ഒരു സുഹൃത്തുാവുന്നതിനേക്കാൾ പ്രധാനമാണ് ഒരു ഗുരുവുായിരിക്കുക. സുഹൃത്തിനെ നിങ്ങൾ കത്തെുമ്പോൾ ഗുരു നിങ്ങളെ കത്തെുകയാണ്.

ഈ ആകർഷണത്തിന്റെ വിത്ത് നിയതി നിക്ഷേപിക്കുന്നത് ഓരോരുത്തരുടെയും നെഞ്ചിലെ ആ വാക്യത്തിലാണ്. ഒരു കിണറിനും ശമിപ്പിക്കാനാവാത്ത ദാഹം എന്നൊക്കെ വിശേഷിപ്പിക്കാവുന്ന ഒന്നിൽ. കൊല്ലപ്പരീക്ഷയുടെ ഒടുവിലത്തെ ദിവസത്തിനു വേി കാത്തിരിക്കുന്ന കുഞ്ഞുങ്ങളെപ്പോലെയാണ് നമ്മൾ. അതിനുശേഷം നമ്മൾ തിമിർത്താഘോഷിക്കുവാൻ പോകുകയാണെന്ന് നാം ഇന്നേ കരുതുന്നു. എന്നിട്ടോ, പരീക്ഷ തീർന്ന് പുസ്തകങ്ങൾ ആ ക്രിക്കച്ചവടക്കാരന് വിറ്റ് മടങ്ങിവരുമ്പോൾ ഉള്ളിൽ കിനാവുകളുടെ സന്തോഷം തോന്നാത്തതെന്തേ? ഇ തേ അനുഭവത്തിന് പിന്നീട് ആവർത്തനങ്ങൾ ഉാകുന്നു. ഓരോ കലിംഗയുദ്ധങ്ങൾക്കു ശേഷവും വിജയികൾ സ്വയം ഭിക്ഷുക്കളായി കരുതുന്നതെന്തേ? എവറസ്റ്റ് കീഴടക്കിയ ആരോഹകന്റെ ഉള്ളിൽ എന്തായിരിക്കും? പരാജിതർക്കു മാത്രം മധുരമായി അനുഭവപ്പെടുന്ന ഒന്നാണ് വിജയമെന്ന് എമിലി ഡിക്കൻസണിന്റെ നിരീക്ഷണമു്. തോറ വിശേഷിപ്പിക്കുന്ന 'ഡസ്റ്റിനേഷൻ സിക്ക്നˇ'- ലക്ഷ്യത്തിലെത്തിയവരുടെ രോഗാതുരത! ഒന്നും ഈ വാക്യത്തിന് ഉത്തരമാകുന്നില്ല. മിസ്റ്റർ നാച്ചുറൽ എന്നൊരു കാർട്ടൂൺ കഥാപാത്രമു്. "Is sex the answer, Mr. Natural?" ഒരു ചെറുപ്പക്കാരൻ അയോളോട് ചോദിക്കുന്നു്. "No sex is the question" അയാളുടെ മറുപടി. ഒന്നും ഈ ശൂന്യതയുടെ പരിഹാരമാവുന്നില്ല. രതിയുൾപ്പെടെ ഒന്നും ഉത്തരമല്ല, ചോദ്യമാണ്! ഒരു കല്യാണം കൊ് സിദ്ധാർത്ഥന്റെ അന്വേഷണങ്ങൾക്ക് കടമ്പകെട്ടാമെന്ന് കരുതിയ ശുദ്ധോധരൻ എത്ര ശുദ്ധനാണ്!

ഈ വാക്യത്തെ തിരിച്ചറിയുന്നിടത്തു നിന്നാണ് ഒരാളുടെ ആന്തരീക ജീവിതം ആരംഭിക്കുന്നത്. അങ്ങനെ വരുമ്പോൾ നിങ്ങളുടെ മുമ്പിൽ സരളമായ ര് സാധ്യതകൾ തെളിഞ്ഞുകിട്ടുന്നു. ആ പഴയകഥ പോലെ- ആശ്രമത്തിലെ ര് മുറികൾ ചൂിക്കാട്ടി ര് ശിഷ്യരോട് അതിനെ എങ്ങനെയെങ്കിലും നിറയ്ക്കാനാവശ്യപ്പെടുന്ന ഗുരു. ആദ്യത്തെയാൾ കുറെ വെള്ളിനാണയങ്ങൾക്ക് വയ്ക്കോൽ വാങ്ങി മുറി നിറയ്ക്കാനുള്ള ശ്രമത്തിലാണ്. എത്ര ശ്രമിച്ചിട്ടും

മുറി നിറയുന്നില്ല. രാമത്തെയാൾ ചെല്ലുമ്പോൾ മുറി അടച്ചിട്ടിരിക്കുകയാണ്. അയാളതിന്റെ വാതിലും ജാലകങ്ങളും സൂര്യവെളിച്ചത്തിലേയ്ക്ക് മലർക്കെ തുറന്നിട്ടു. ഒരു ചന്ദനത്തിരി കത്തിച്ചു. പിന്നെ ശാന്തമായി ചമ്രം പടിഞ്ഞിരുന്ന് ഭജനഗീതങ്ങൾ പാടിത്തുടങ്ങി. ഇപ്പോൾ മുറി പ്രകാശം കൊും സംഗീതം കൊും സു ഗന്ധം കൊും നിറഞ്ഞു. ഗുരു പറ ഞ്ഞു: ദാ മനുഷ്യരുടെ മുമ്പിൽ തെളിയുന്ന ര് വഴികൾ. ചിലർ വൈക്കോലുകൊ് ഉള്ളം നറിയ്ക്കാൻ ശ്രമിക്കുമ്പോൾ ചിലർ തൊട്ടറിയാനാവാത്ത എന്തോചിലതുകൊ് നെ ഞ്ചിനെ നിറയ്ക്കുന്നു. സ്വന്തം ആന്തരികതയുടെ ആഴം കൊ് നമ്മളെ അമ്പരപ്പിക്കുന്ന ദസ്തയോവിസ്കി എങ്ങനെ ചൂതാട്ടക്കാരനായി? ഇവളാകട്ടെ, അഞ്ച് സൗഹൃദങ്ങളുടെ വയ്ക്കോലുകൊ് ശൂന്യതയെ നേരിടാൻ ശ്രമിച്ച് തോറ്റു തുന്നംപാടിപ്പോയ പാവം സ്ത്രീ! നീ കുടിക്കുന്ന കിണറിൽ നിന്നു കുടിച്ചാൽ പി ന്നെയും ദാഹിക്കുമെന്ന് ക്രിസ്തു. കി ണറുകളെ വിട്ട് ഉറവകളിലേയ്ക്ക് പോകാൻ നേരമായി. ഉറവയെ മറന്ന് പൊട്ടക്കിണറുകൾ കുഴിക്കുന്നവർ എന്നൊരു പരിഹാസമു് പഴയനിയമത്തിൽ.

ക്രിസ്തു ആത്മനിന്ദയോ ഭയമോ ലജ്ജയോ ഇല്ലാതെ സ്വന്തം ഭൂതകാലത്തെ അഭിമുഖീകരിക്കുവാൻ നമ്മെ പഠിപ്പിക്കും. കുസൃതികൾ കൊും കൊച്ചുവർത്തമാനങ്ങൾ കൊും അവന്റെ കണ്ണുകെട്ടാൻ ആദ്യം അവൾ ശ്രമിക്കുന്നു്. ഭൂതകാലത്തിന്റെ അദൃശ്യനുകങ്ങൾ താ ങ്ങാനാവാതെ ശിര ുകുനിച്ച് നടക്കുന്നവരാണ് നമുക്കുചുറ്റും. സ്വയം മാപ്പുകൊടുക്കാൻ നാം ഇന്നോളം പഠിച്ചിട്ടില്ല. ഒരവിശ്വസ്തതയോ, ഒരിടർ ച്ചയോ എന്തുമാകട്ടെ ജീവിതത്തിന്റെ പ്രകാശമാനമായ വഴികളിൽ വച്ചൊരാൾ സ്വന്തം ഭൂതകാലവുമായി സൗ ഹൃദത്തിലായേ പറ്റൂ- ആത്മാവിലാരംഭിച്ച് ശരീരത്തിൽ അവസാനിച്ച ചില ബന്ധങ്ങൾ ഉൾപ്പെടെ. ശരിയാണ്, നി നക്ക് അഞ്ചുഭർത്താക്കന്മാരുായിരുന്നുവെന്ന് ക്രിസ്തു പറയുമ്പോൾ അവന്റെ വാക്കിൽ ദ്വയാർത്ഥങ്ങളുടെ മുനയോ ന്യായവിധിയുടെ ചവർപ്പോ ഇല്ല. കിഴക്ക് സൂര്യൻ ഉദിക്കുന്നു. പടിഞ്ഞാറ് അസ്തമിക്കുന്നു എന്നൊ ക്കെ മാതിരി അതൊരു പ്ലെയിൻ സ്റ്റേറ്റ് മെന്റാണ്. സ്വന്തം ഇടം കത്തൊൻ നമ്മളെ സഹായിച്ചുകൊാണ് ക്രി സ്തു ആരംഭിക്കുന്നത്. ഒത്തിരി നടന്നൊരാൾ കൈലാസത്തിൽ എത്തുന്നതുപോലെയാണത്. ചുറ്റിനും മ ഞ്ഞാണ്. ആ ധാവല്യത്തിൽ ഒരാൾക്ക് ഉള്ളിലെ ഇരുൾപൊട്ടുകൾ വെളിപ്പെട്ടുകിട്ടും. ഗിരിശൃംഗങ്ങളുടെ ഗരിമയിൽ സ്വന്തം നി ാരതയും. അഞ്ച് പുരുഷന്മാർ പഞ്ചേന്ദ്രിയങ്ങളാണെന്ന് ചില ഭാരതീയ വ്യാഖ്യാനങ്ങളു്. സമരിയാദേശം സംസർഗ്ഗത്തിലായ അഞ്ച് സംസ്കാരങ്ങളാണ് അതെന്നും കരുതുന്നവരുമു്. വ്യാഖ്യാനങ്ങൾ കൊ് ഭാരപ്പെടുത്തേതല്ല അതീവ ഹൃദ്യമായ ഒരു സംഭാഷണം.

പിന്നീട് സംഭവിക്കുന്നത് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നതിൽ വച്ചേറ്റവും ദീർഘമായ ദൈവശാസ്ത്ര സംവാദമാണ്. കാലവും ഇടവും അപ്രസക്തമാകുന്ന യഥാർത്ഥമായ ആരാധനയുടെ മർമ്മം ക്രിസ്തു അവൾക്ക് വെളിപ്പെടുത്തി കൊടുക്കുന്നു. ആ മലയിലോ ഈ മലയിലോ അല്ലാതെ മനുഷ്യർ ദൈവത്തെ ആ രാധിക്കുന്ന കാലം വരുന്നു. നാളെ ദേവാലയത്തിലെ തിരശ്ശീല നെടുകെ കീറും. വിരികൾക്കപ്പുറത്തായി ചുരുക്കപ്പെട്ട ദൈവസാന്നിധ്യം ഇനി ആകാശം പോലെ ഭൂമിയെ പൊതി ഞ്ഞ് നിൽക്കും. ആരാധനാ വിചാരങ്ങളുടെ ഒരു ക്വാം കുതിപ്പാണിത്. ഏത് ഇടത്തിലാണ് അവൻ ഇല്ലാത്തത്? മക്കയിലെത്തിയ മുല്ലാ നാസറുദ്ദീൻ തെരുവിലൊരിടത്ത് കിടന്നുറങ്ങി. ഒരു പുരോഹിതൻ അയാളെ കൊട്ടിയുണർത്തി. നീ എവിടേയ്ക്കാണ് കാൽ നീട്ടിവച്ചിരിക്കുന്നത്- കിഴക്കോട്ട്. അവിടെയല്ലേ കാബാ, അവിടെയല്ലേ അള്ളാ- തിരിഞ്ഞു കിടക്കുക. കുറച്ചുനേരത്തിനുശേഷം മുല്ല അയാളുടെ പുറകേ ഓടി. "അള്ളാ ഇല്ലാത്തൊരിടം കാണിച്ചു തരാമോ?" "എന്തിനാണ്?" "കാലൊന്നു നീട്ടിവയ്ക്കാനാണ്!"

അപ്പോഴെന്താണ് ക്രിസ്തു പറയുന്ന അസത്യമായ ആരാധനയുടെ സൂചനകൾ. നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നുവെന്ന് ഈശോ പരിഭവിക്കുന്നു് അവളോട്. അ പ്പോൾ വ്യക്തമായ ദൈവബോധമില്ലാത്ത, മറ്റൊരു വാക്കിൽ പറഞ്ഞാൽ മെഡിറ്റേഷൻ ഇല്ലാത്തവരുടെ ആരാധനയാണതിലൊന്ന്. ഉള്ളിൽ സ്നേ ഹമില്ലാത്തവരുടെ ആരാധനയാണ് രാമത്തേത്. പരസ്പരം വെള്ളം പകർന്നു നൽകാൻ പോലും മടിക്കുന്നവർ എന്തിനെയാണ് ആരാധിക്കുന്നത്. റിസീവറുടെ സാന്നിധ്യത്തിൽ, പോലീസ് കെട്ടിയ ബാരിക്കേഡുകൾക്കുള്ളിലായി നമ്മുടെ ചില ദേവാലയങ്ങളിൽ കുർബ്ബാന നടക്കുന്നുവെന്ന് കേൾക്കുമ്പോൾ വല്ലാത്ത ഭാരം തോന്നുന്നു. വ്യക്തമായ നിലപാടുകളില്ലാത്തവരുടെ ആരാധനയാണ് മൂന്നാമത്തേത്. പിതാവേ, പിതാവേ എന്നു വിളിക്കുന്നവരല്ല, സ്വർഗ്ഗസ്ഥനാ യ എന്റെ പിതാവിന്റെ ഹിതം നറവേറ്റുന്നവരാണ് യഥാർത്ഥ ഭക്തരെന്ന് അവിടത്തെ വിശദീകരണം. പള്ളിയിൽ എന്തുസംഭവിക്കുന്നു എന്നതല്ല പ്രധാനം. പള്ളിക്ക്ശേഷം എന്ത് സംഭവിക്കുന്നു എന്നുള്ളതുതന്നെ പ്രധാനം. സ്വാതന്ത്ര്യം അനുഭവിക്കാത്തവർക്കും ആരാധിക്കാൻ അവകാശമില്ലെന്ന് ബൈബിൾ സൂചിപ്പിക്കുന്നു്. കരങ്ങളിൽ ചങ്ങലപ്പൂട്ടുള്ളവർ ആകാശങ്ങളിലേയ്ക്കെങ്ങനെ അ തിനെ ഉയർത്തും. ഫറവോയോട് ജന ത്തെ സ്വന്തമാക്കാൻ ആവശ്യപ്പെട്ടപ്പോൾ എന്തിനെന്നയാൾ ആരായുന്നു്- ആരാധിക്കാൻ വേിയെന്ന് മറുപടി. വിമോചനവും ആരാധനയും തമ്മിൽ ബന്ധമു്, അങ്ങനെയെങ്കിൽ ഉള്ളരടുകളിൽ അവബോധവും, സ്നേഹവും, സ്വാതന്ത്ര്യവും, വ്യക്തമായ

പ്രത്യാശാശ്രുതി

"BE MERCIFUL TO ME"

എബി പൗലോസ്

"എന്നോടു കരുണയായിരിക്കേണമേ." ഓരോ ദിനവും പല പ്രാവശ്യം നാം ഉരുവിടുന്ന പ്രാർത്ഥനാമന്ത്രം. നമ്മുടെ ജീവിതത്തിലെ ഹ്ര സ്വമായതും എന്നാൽ അഗാധാർത്ഥമുള്ളതുമായ ലളിതമായ പ്രാർത്ഥനാശബ്ദം. വി. വേദപുസ്തകത്തെ കരുണയുടെ നിറകുടമായ വി. ഗ്രന്ഥമെന്നു വിശേഷിപ്പിക്കാം. പരി. പിതാക്കന്മാർ ദൈവത്തോടുള്ള സംസർഗ്ഗത്തിൽ ഈ വാചകം ഉൾപ്പെടുത്തിയത് 'കരുണ'യുടെ ആഴവും പരപ്പും അനുഭവിച്ചറിഞ്ഞിട്ടുതന്നെയാണ്. ഇവിടെ ചുങ്കക്കാരന്റെ പ്രാർത്ഥനയേക്കാൾ ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടവന്റെ പ്രാർത്ഥനയായി സ്ര ഷ്ടാവ് ചൂിക്കാണിക്കുന്നതും സ്വീ കരിക്കുന്നതും പാപിയുടെ 'എന്റെ മേൽ കരുണയുാകണമേ' എന്ന അർത്ഥനിഷ്ഠമായ വാക്കുകളാണ്.

അതിവേഗ സംസ്കാരത്തിന്റെ നടുവിൽ നമ്മുടെ കാതിലേയ്ക്ക് അലയടിക്കേ ശബ്ദം കരുണയായിരിക്കേണമേ എന്നതാണ്. എന്നാൽ അല്പം പോലും കരുണയില്ലാതെ ജീവിക്കുന്ന ആധുനിക ലോകത്തിൽ ചിന്തകളും, വിവർത്തനങ്ങളും, ഗ്രന്ഥങ്ങളും, ബംഗ്ലാവുകളും നിർമ്മിക്കുവാനാഗ്രഹിക്കുമ്പോൾ അഥവാ ഇവ നെയ്തെടുക്കുമ്പോൾ നമ്മിൽ നിന്ന് നഷ്ടമായിപ്പോകുന്ന വാക്കാണിത്. വലിയ മതിൽക്കെട്ടുകൾക്കുള്ളിൽ ഏകാധിപതിയായി വാഴുമ്പോൾ കർ ണ്ണപുടങ്ങളെ ഈ കോലാഹലങ്ങൾ അസ്വസ്ഥമാക്കണം. ഭിന്ന സാഹചര്യങ്ങളിലൂടെ നമ്മുടെയിടയിൽ ജീവിക്കുന്ന ആത്മാക്കളെ അകക്കണ്ണുകളാൽ കാണുവാൻ നമുക്ക് ഇടയാകണം. കാഴ്ച ഒരു മാസ്മരികതയാണ്. ശ്രവണം കരുണാർദ്രമായ മന ിനെ നിർഗ്ഗളിപ്പിക്കലാണ്. സഞ്ചാരവീഥികളിലെല്ലാം നമ്മുടെ ശ്രവണപുടങ്ങളെ കീറിമുറിക്കുന്ന ഈ വച ുകൾക്ക് മാതൃകാപരമായ, കരുണാർദ്രമായ ഒരു നല്ലജീവിതത്തെ നമ്മുടെ ക്രിയാത്മകമായ പ്രവൃത്തികളാൽ നൽകുവാൻ സാധിക്കണം.

'റഹ്മേ' എന്ന സുറിയാനി വാക്കിന് മേഴ്സി, കരുണ എന്നാണർത്ഥം. ഈ പദത്തിൽ നിന്നാണ് 'മൊറയോറാഹേം അലൈൻ വ് ആദാറൈൻ' എന്ന പ്രാർത്ഥനമന്ത്രിക്കും.

അന്നം തേടിയ ശിഷ്യന്മാർ മടങ്ങിവന്നു. അവന് ഭക്ഷണം വച്ചുനീട്ടി. അവൻ പറഞ്ഞു. വേ, കഴിഞ്ഞ ഇടവേളയിൽ എനിക്ക് ഭക്ഷണം കിട്ടിയിരുന്നു. മന ിന് താല്പര്യം ഉണർ ത്തുകയും, ജീവിതത്തിന് ഊർജ്ജം തരികയും ചെയ്യുന്നതെന്തും ഭക്ഷണമാണ്. ഹൃദയം തുറന്നൊരു സംഭാഷ ണം പോലെ മറ്റെന്തു വിരുന്നു് ഈ ഭൂമിയിൽ. കാലം നിശ്ചലമാവണമേ എന്നൊക്കെ മനുഷ്യർ പ്രാർത്ഥിക്കുന്നതപ്പോഴാണ്.

അവളെ ഓർമ്മിച്ചുകൊ് ക്രിസ്തു പറഞ്ഞു: നിങ്ങൾ പജീവിതനിലപാടുകളും സൂക്ഷിക്കുന്നവർ മാത്രമാണ് ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവർ. നമ്മൾ, ഈ അവബോധത്തിന്റെ പുഴ മുറിച്ചുകടന്ന് അവിടം വരെയെത്തേവർ-(തഥാഗതൻ- ആ വാക്കിന്റെ അർത്ഥം അതുതന്നെയാണ്) തീരത്ത് അറച്ചറച്ച് നിൽക്കുമ്പോൾ, ഇഷ്ടങ്ങളായി ചുരുങ്ങുന്ന സ്നേഹം മാത്രം മൂലധനമാക്കുമ്പോ ൾ, ഉള്ളടരുകളിൽ ആയിരത്തൊന്ന് ഭയങ്ങൾ സൂക്ഷിക്കുമ്പോൾ, മരുന്നിനുപോലും ഒരു നിലപാടും എടുക്കാ തെ പോകുമ്പോൾ നമുക്കും, നമ്മുടെ കാലത്തിനും ആരാധിക്കാൻ അവകാശമില്ല!

കിണറുകൾ മാത്രം പരിചയിച്ചിരുന്ന ഒരുവൾ ഉറവയിൽ നിന്ന് ജീവിതകുംഭം നിറച്ചു. അത് നിറയെ അവബോധത്തിന്റെ പ്രകാശവും സ്നേഹവും സ്വാതന്ത്ര്യവും കൊ് നിറഞ്ഞു. ഇനി ജീവിതനിലപാടുകളുടെ പാതയിലൂടെ അവൾ ശിര ുയർത്തി നടന്നുപോകും. വെള്ളം കോരാൻ കൊുവന്ന കുടം അവൾ മറന്നതല്ല. ബോധപൂർവ്വം അവന്റെ പാദങ്ങളിൽ അർപ്പിച്ചതാണ്. കുംഭം പല സംസ്കാരങ്ങളിലും ജീവിതത്തിന്റെ തന്നെ പ്രതീകമാണ്. ശ്രാദ്ധക്രിയകളിൽ കുംഭം ഉടയ്ക്കുന്നതു കിട്ടില്ലേ? ഉള്ളിലെ ഉറവകളെ കത്തെിയവർക്ക് പാത്രങ്ങൾ ആവശ്യമില്ല. ആ കുടം ഇപ്പോഴും സിക്കാറിൽ യാക്കോബിന്റെ കിണറിൻ ചുവട്ടിൽ ഉാകും. അവളുടെ വൾനറബിലിറ്റിയുടെയും അലച്ചിലുകളുടെയും ഭൂതകാലതിരുശേഷിപ്പായി.

വയൽ വരമ്പുകളിലൂടെയവൾ നടന്നുപോകുന്നത് ക്രിസ്തു കൗതുകപൂർവ്വം കിരുന്നിട്ടുാവും. ചില ചരടുകൾ പൊട്ടിച്ചുകളയുമ്പോൾ സ്ത്രീയ്ക്ക് അവളുടെ നൃത്തച്ചുവടുകൾ തിരികെ ലഭിക്കുന്നു. അവൾ ഒരുപക്ഷേ, ഇനി ആകാശത്തേയ്ക്ക് പറന്നുപോകാനും മതി. ജീവിതം അപഹരിച്ചതൊക്കെ ഒരാൾക്ക് തിരികെ തരുന്നവനെ വിളിക്കേ പേരാണോ മ്ശിഹാ? അങ്ങനെയെങ്കിൽ ഞാൻ മ്ശിഹായെ കു എന്നവൾ കു മുട്ടുന്നവരുടെ കാതോട് കാത്

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

2 വർഷത്തേക്ക്	- 100 രൂ.
ആയുഷ്ക്കാലം	- 1000 രൂ.
വിദേശത്ത്	- 4000 രൂ. (100 ഡോളർ)

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

അതായത് 'കർത്താവേ ഞങ്ങളോട് കരുണയായിരിക്കണമേ' നാം ചൊല്ലുന്നത്. സഭാപിതാക്കന്മാരുടെ ധ്യാനാത്മകമായ ഈ പ്രാർത്ഥന ദിനവും എല്ലാ മനുഷ്യരും ചൊല്ലുമ്പോൾ ഒരിക്കലെങ്കിലും കരുണയുടെ അംശം ഉള്ളിൽ അനുഭവിച്ച്/നിറഞ്ഞോണാ നാം ഉരുവിടുന്നതെന്ന് ചിന്തനീയമായ കാര്യമാണ്. അപരന്റെ മുമ്പിൽ ഗാനങ്ങളും പ്രാർത്ഥനാശകലങ്ങളും തന്റെ പ്രൗഢഗംഭീരായ ശബ്ദത്തിൽ നാം കീർത്തിക്കുമ്പോൾ, ആ അർച്ചന ദൈവസന്നിധിയിൽ പോലും ചിലപ്പോൾ അലസോരമായിത്തീർന്നേക്കാം.

പൗരസ്ത്യ ആദ്ധ്യാത്മീകതയിൽ എല്ലാ പ്രാർത്ഥനകളുടെയും ആരംഭം തന്നെ ദൈവത്തിന്റെ കരുണ നമ്മുടെ മേൽ എന്നും ഉായിരിക്കണമേ എന്ന് ഉരുവിട്ടുകൊാണ്. "പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യ ഏകദൈവത്തിന്റെ തിരുനാമത്തിൽ തനിക്ക് സ്തുതി" എന്നും പുരോഹിതനോ നേതൃത്വം നൽകുന്നയാളോ ചൊല്ലുമ്പോൾ "നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉായിരിക്കട്ടെ" എന്ന് ജനങ്ങൾ പ്രാർത്ഥിക്കുന്നു. യഥാർത്ഥത്തിൽ ഈ ആത്മവിശ്വാസത്തിന്റെ അഭാവം ഉള്ളതിനാലാണ് പ്രാർത്ഥനകളിലൂടെ ലഭിക്കുന്ന പ്രതികരണങ്ങൾ അഥവാ അനുഗ്രഹങ്ങൾ നാം മനിലാക്കാതെ പോകുന്നത്. അപ്രകാരം അർത്ഥം അറിഞ്ഞുള്ള ധ്യാനാത്മക നിമിഷങ്ങളാണ് ഞാൻ ദൈവസന്നിധിയിൽ പ്രാർത്ഥനയ്ക്കായി വേർതിരിക്കുന്നത് എന്ന് മനിലാക്കുമ്പോൾ മാത്രമാണ് നമ്മുടെ നമസ്കാരങ്ങളുടെയും ആ രാധനകളുടെയും മാധുര്യവും പ്രസക്തിയും നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. അനസ്യൂതമായി നിന്റെ കരുണ ഞങ്ങളുടെ മേൽ പ്രവഹിപ്പിക്കണമേ എന്നാണ് നാം പ്രാർ ത്ഥിക്കുന്നത്. ഓരോ നമസ്കാരത്തി ലും കൗദാശിക ശുശ്രൂഷയിലും ഈ പ്രാർത്ഥന വലിയ പ്രാധാന്യത്തോ ടെ ഉൾപ്പെടുത്തിയിരിക്കുന്നത് ന മ്മിൽ നിന്നുയരേ പ്രാർത്ഥനാഗന്ധത്തെ അനുസ്മരിപ്പിക്കേിനാണ്. ഓരോ യാമപ്രാർത്ഥനയിലും നിരവധി പ്രാവശ്യം കർത്താവേ ഞ ങ്ങളോടു കരുണയായിരിക്കേണമേ എന്ന് ന ാം പ്രാർത്ഥിക്കുന്നു്. 51-ാം സങ്കീർത്തനം തന്നെ നിന്റെ കൃപയിൻപ്രകാരം കരുണ ചെയ്യേണമേ എന്നാണ്. മുഴുവൻ അനുതാപാത്മകമായ ശൈ ലിയാണ് പിതാക്കന്മാർ അനുധാവനം ചെയ്യുന്നത്.

നമ്മുടെ പ്രാർത്ഥനയുടെ വിവിധ മാനങ്ങളിൽ പ്രധാനമായിട്ടുള്ളത് ഈ മാതൃക തന്നെയാണ്. എപ്പോഴും കരുണയായിരിക്കേണമേ എന്ന് പ്രാർത്ഥിക്കുമ്പോൾ നമ്മുടെ നിത്യജീവിത വ്യാപാരം മുഴുവൻ ഈ വ്യാപാരത്തെ നിർഗ്ഗളിക്കുന്നതായിരിക്കണം. ഇവിടെയാണ് ചുങ്കക്കാരന്റെ പ്രാർത്ഥനയുടെ പ്രസക്തി. ദൈവസന്നിധിയിൽ അതു പരിശോധന നടത്തി സർ വ്വവും അറിയുന്നവന്റെ മുമ്പാകെയുള്ള ആത്മാർത്ഥതയോടെയുള്ള വിനീത സമർപ്പണം. നിശ്ചയദാർഢ്യത്തോടൂ കൂടിയ നലവിളി. ഇവിടെയാണ് യഥാർത്ഥ നീതീകരണം സംഭവിക്കുന്നത്. പാമ്പാക്കുട നമസ്കാരത്തിൽ വ്യാഴാഴ്ച മൂന്നാംമണി നേര ത്തേ രഹസ്യപ്രാർത്ഥനയിൽ "ദൈവ മേ! പാപിയായ അടിയനോടു കരണയുാകണമെ. മ്ശിഹാ, പാപിയായ അടിയനോടു കരുണയുാകണമേ." എന്നു പിതാക്കന്മാർ പ്രാർത്ഥി ച്ചിരുന്നു. ആയതിനാൽ, സുഗന്ധധൂപമായി നമ്മുടെ പ്രാർത്ഥനകളെ സമർപ്പിക്കാം, എന്നോടു കരുണയായിരിക്കേണമേ. വി. വേദപുസ്തകത്തിൽ കുരുടനായ മനുഷ്യൻ ദാവീദുപുത്രാ എന്നോടു കരുണയായിരിക്കേണമേ എന്നു നിലവിളിച്ചുകൊ് പ്രാർത്ഥിച്ചു. ആ ശബ്ദത്തിനു ദൈവം ഉത്തരമരുളി. അപ്രകാരം കരുണയ്ക്കുവേി യാചിക്കുന്ന മന് രൂപപ്പെടുത്തിയെടുക്കാൻ സാധിക്കണം. അവിടെയാണ് പാപിയായ മനുഷ്യൻ നീതീകരിക്കപ്പെട്ടവനായിത്തീരുന്നത്. ദൈവസന്നിധിയിൽ സ്വയം വിധേയപ്പെടുത്തുക എന്നതായിരിക്കണം പ്രാർത്ഥന. ദൈവസന്നിധാനത്തിൽ വിനീതപ്പെടുത്തുക. അതിനാലാണ് പിതാക്കന്മാർ പ്രാർത്ഥനയെ അനുതാപാത്മകമായി ആചരിച്ചു പോന്നത്. ഇവിടെ ഹൃദയം നുറുങ്ങലാണ്. അ പ്പോഴാണ് ക്രിസ്തു സഹിച്ച വേദനയുടെ അംശം നമുക്കും അനുഭവേദ്യമായിത്തീരുവാനും നാം നീതീകരിക്കപ്പെട്ടവരുടെ ഗണത്തിലാകുവാനും സാധിക്കുന്നത്. അഹങ്കാരത്തിനു പ കരം അനുതാപപൂരിതമായ ശബ്ദങ്ങളെ ഉരുവിട്ടപ്പോൾ ലഭ്യമായ അനുഗ്രഹമാണ് പാപിയായ/ചുങ്കക്കരനു ലഭിച്ചത്. ആയതിനാൽ കരുണാർദ്രമായ പ്രാർത്ഥനാശൈലിയോടൊപ്പം ജീവിതക്രമീകരണങ്ങളും നേടുവാൻ നമുക്കു സാധിക്കണം. നമസ്കാരങ്ങളെ ധ്യാനാത്മകമായി സമീപിക്കുവാൻ കൂടുതലായ കരുണകളെ ദൈ വംതമ്പുരാൻ പ്രവഹിപ്പിച്ച് ചുങ്കക്കര നെ നീതീകരിച്ചതുപേ

നിയമിതരായി

കൂത്താട്ടുകുളത്തിനു സമീപം വകടരയിലുള്ള സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിൽ സൈക്യാട്രിക് വിഭാഗം മേധാവിയായി ഡോ. നിഷാദ് കെ. നിയമിതനായി. അദ്ദേഹം 2011 ഫെബ്രുവരി 1 ന് ചാർജ്ജെടുക്കും.

ഫിസിഷ്യൻ ലഫ്. കേണൽ വിനോദ് രാഘവൻ M.D. യുടെ സേവനം എല്ലാദിവസവും 8.30 a.m. മുതൽ 1.30 p.m. വരെ സന്തുലയിൽ ലഭ്യമാണ്.

പ്രതിവാരധ്യാനം

ഡീ. വിജു ഏലിയാസ്

23 ജനുവരി 2011

ദനഹയ്ക്കുശേഷം 3-ാം ഞായർ

വി. യോഹന്നാൻ 3:1-12

യേശുതമ്പുരാനും, പരീശപ്രമാണിയായ നിക്കോദിമോസും തമ്മിലുള്ള സംഭാഷണമാണ് ഇന്നത്തെ വേദഭാഗം. തന്റെ അറിവിന്റെയും പരിജ്ഞാനത്തിന്റെയും പരിധിക്കപ്പുറത്താണ് ദൈവരാജ്യ അനുഭവമെന്ന് മന ിലാക്കിയ നിക്കോദിമോസ് യഥാർത്ഥ ഗുരുസവിധത്തിൽ പ ണ്ഡിതോചിതമായ പഠനത്തിനൊരുങ്ങുകയാണ്. നിലവിലുള്ള തന്റെ സാമൂഹിക പരിതസ്ഥിതികൾ പ കൽവെളിച്ചത്തിലുള്ള ക്രിസ്തുദർശനത്തിൽ നിന്ന് അവനെ നിരോധിക്കുന്നു. എ ങ്കിലും താനറിഞ്ഞ സത്യത്തിന്റെ ആഴവും പരപ്പും അനുഭവിച്ചറിയാനു ള്ള അടങ്ങാത്ത ആഗ്രഹമാണ് നി ക്കോദിമോസിനെ ക്രിസ്തുസന്നിധിയിൽ എത്തിച്ചത്.

തീർച്ചയായും നിക്കോദിമോസി ന്റെ നിലപാട് വർത്തമാനകാല സഭാസാമൂഹ്യ ജീവിതത്തിൽ അനുകരണീയ മാതൃകയാണ്. കറുത്ത സത്യങ്ങളെ വെള്ളപൂശുവാനും, ഇരുട്ടു കൊ് 'ഓട്ട' അടയ്ക്കുവാനും മത്സരിച്ച് ശ്രമിച്ചുകൊിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പൊതുജീവിതത്തിലും, സ്വകാര്യജീവിതത്തിലും വ്യക്തിപരമായ ചില താല്പര്യങ്ങളുടെ നിലനില്പിനും അതിജീവനത്തിനുമപ്പുറം സത്യമായതും, നേ രായതും, നിലനിൽക്കുന്നതുമായിരിക്കണം ഉദ്ഘോഷിക്കപ്പെടേത് എന്നുള്ള മഹദ് ദർശനമാണ് നിക്കോദിമോസ് കാട്ടിത്തരുന്നത്. സമകാലീ ന ലോകക്രമത്തിൽ ന ിലനിൽക്കുന്ന ആർജ്ജന സംസ്കാരത്തിന്റെ പ്രണയിതാക്കളായി ന മുക്ക് നിക്കോദിമോസിന്റെ ഉദ്യമം ഒരു വിവരക്കേടായി തോന്നാം.

എന്നാൽ ഒരു തികഞ്ഞ മത പണ്ഡിതനായ നിക്കോദിമോസ് വ്യവസ്ഥാപിതവും, സങ്കുചിതവുമായ ചി ന്താധാരകൾക്കപ്പുറം, തന്റെ അറിവിന്റെ സീമയ്ക്കപ്പുറം, ഒഴുകുന്ന മ ഹാസാഗരത്തിലേയ്ക്ക് അന്വേഷണ തല്പരതയോടെ ഓടിയടുക്കുന്ന ചിത്രം സ്വാർത്ഥതാല്പര്യ സംരക്ഷണത്തിനായി സത്യത്തോട് മുഖംതിരിച്ചു നിൽക്കുന്ന അനുഭവത്തിൽ നിന്ന് നമ്മെ വിമോചിപ്പിക്കുവാൻ ഉതകട്ടെ എന്ന് പ്ര ാർത്ഥിക്കുന്നു.

30 ജനുവരി 2011

ദനഹയ്ക്കുശേഷം 4-ാം ഞായർ

വി. മർക്കോസ് 6:1-6

യേശുക്രിസ്തു സ്വന്തം പട്ടണമായ നസ്രേത്തിൽ തിരസ്കൃതനാകുന്നതാണ് സുവിശേഷഭാഗം. സങ്കല്പങ്ങളുടെയോ കാല്പനികതയുടെയോ അകമ്പടി കൂടാതെ നമുക്ക് വഴങ്ങുന്ന ആശയമാണ് വേദഭാഗത്തിനാധാരം. ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്തം ഭവനത്തിലും അല്ലാതെ ബ ഹുമാനമില്ലാത്തവൻ അല്ല എന്നു ള്ള ക്രിസ്തുവിന്റെ പ്രസ്താവന ശ്രദ്ധേയമാണ്. അപരന്റെ ഉയർച്ചയുടെയും വളർച്ചയുടെയും സീമയുടെ ദൈർഘ്യം നമ്മുടെ മനോമുകുരത്തിൽ നിർണ്ണയിക്കുന്ന പ്രാകൃതമായ സംസ് കാരത്തിന്റെ ചൂഷണത്തിൽ നിന്ന് പരിഷ്കാര സമൂഹം എന്ന് ഓമനപ്പേരിട്ടു വിളിക്കുന്ന ഇന്നത്തെ മനുഷ്യരാകാൻ മറന്നുപോകുന്ന മാന്യന്മാരു ടെ കൂട്ടങ്ങൾക്ക് സാധിക്കാത്തതിന്റെ അടിസ്ഥാനം മറ്റുള്ളവരെ അംഗീകരിക്കാനുള്ള വിമുഖതയാണ്.

തീർച്ചയായും നസ്രേത്തിലെ ജനങ്ങൾ ഒരു വൈഭവമുള്ള ആശാരിയാ യി കർത്താവിനെ അംഗീകരിക്കുമായിരുന്നു. എന്നാൽ കർത്താവിൽ നിന്ന് അവർ പരമാവധി പ്ര തീക്ഷിച്ചതിനും പതിന്മടങ്ങ് അപ്പുറത്തേക്കുള്ള അദ്ദേ ഹത്തിന്റെ വളർച്ചയെ അംഗീകരിക്കുവാനുള്ള വിമുഖത മാനുഷികമാണ്, ജഡികമാണ്. എന്നാൽ മാനുഷിക സ്വഭാവത്തിൽ കുടികൊള്ളുന്ന ജഡീക താല്പര്യങ്ങളുടെ വിഷലിപ്തമായ രീതികളിൽനിന്നുള്ള വേറിട്ടസഞ്ചാരം ജീവിതത്തിൽ പ്രായോഗികമാക്കിയെങ്കിൽ മാത്രമേ ക്രിസ്തുവിന് പ്രവർ ത്തിക്കുവാൻ സാധ്യമാകുന്ന രംഗഭൂമിയായി നാം രൂപാന്തരപ്പെടുകയുള്ളൂ.

അടുത്തുള്ളതിനോടുള്ള വി കർ ഷണവും വിദൂരമായതിനോടുള്ള ആ കർഷണവും മലയാളി സമൂഹത്തി ന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള വസ്തുതയാണ്. ആ ദ്ധ്യാത്മികതയിൽ പോലും ഒരു വൈദേശികാഭിമുഖ്യം നമ്മെ തരളിതരാക്കാറ്. മുറ്റത്തെ 'മുല്ലയ്ക്ക് മണമില്ല' എന്നു ള്ള നമ്മുടെ ചിന്താഗതിയിൽ പ്രായോഗികമായ തിരുത്ത് അ നിവാര്യമാണെന്നുള്ള തിരിച്ചറിവിലേയ്ക്ക് ഈ വേദവായന നമ്മെ നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

6 ഫെബ്രുവരി 2011

ദനഹയ്ക്കുശേഷം 5-ാം ഞായർ

വി. മർക്കോസ് 1:12-20

യേശു പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതും തന്റെ പരസ്യശുശ്രൂഷയുടെ പ്രാരംഭവും, ശിഷ്യന്മാരെ വി ളിക്കുന്നതുമാണ് വേദഭാഗത്തിനാധാരം. ആദിയിൽ ഏദനിലുായ പരീക്ഷത്തിന്റെ പരിണിതഫലമായ പതനത്തിനു പകരം രാം ആദാമായ മിശിഹാതമ്പുരാൻ പൂർവ്വപിതാക്കന്മാർ പരീക്ഷണത്തിന് വിധേയമായ സാഹചര്യത്തിൽക്കൂടി സ്വയം യാത്ര ചെയ്ത് പരീക്ഷയെ അഭിമുഖീകരിച്ച് പരീക്ഷകനെ തോല്പിച്ച് മാനവജാതിയെ പാപപതനത്തിൽ നിന്നും വീ ടെുത്തു. അവിടെയാണ് കർത്താ വ് പിശാചിനാൽ പരീക്ഷിക്കപ്പെട്ടതിന്റെ സാംഗത്യം കുടികൊള്ളുന്നത്. പരീക്ഷണങ്ങളോട് ക്രിയാത്മകമാ യി പ്രതികരിക്കുന്ന ആദ്ധ്യാത്മിക വളർച്ച നാം പ്രാപിക്കേിയിരിക്കുന്നു. ദൈനംദിന ജീവിതമേഖലകളിൽ നാം വഴിപ്പെട്ടുപോകുന്ന അനുഭവങ്ങളിൽ ഈ പരീക്ഷയുടെ സാന്നിധ്യം നമുക്ക് തിരിച്ചറിയുവാനായാൽ പരീക്ഷകനെ പരാജിതനാക്കാൻ ദൈവത്തിലാശ്രയിച്ചുകൊ് നമുക്ക് സാ ധിക്കും.

പ്രത്യാശാശ്രുതി

പ്രണയം

ജെർളി

ഫെബ്രുവരി-വലൈന്റൻസ് ഡേ കാർഡുകളുടെയും സമ്മാനങ്ങളുടെയും മാസം. പത്രത്തിൽ, ടെലിവിഷനിൽ, റേഡിയോയിൽ ആശംസകൾ പതിഞ്ഞൊഴുകും. ഏതാനും വർഷങ്ങൾക്കു മുമ്പ് മലയാളിയൊന്നോർക്കുക പോലും ചെയ്യാത്ത ദിനം-ഫെബ്രുവരി പതിനാല്. എല്ലാത്തിനെയും കച്ചവടച്ചരക്കാക്കുന്ന ഉപഭോഗ സംസ്കാരം പ്രണയത്തെ യും ഒരു ക്രയവിക്രയ വസ്തുവാക്കി എന്നതാണ് നേര്. അല്ലാതെ പെട്ടെന്നൊരു സുപ്രഭാതത്തിൽ പ്രണയാതുരനായി മാറിയതല്ല. വശീകരണക്ഷമമായ പരസ്യങ്ങളിലൂടെ എന്തും വിൽക്കാമെന്ന ആധുനിക വ്യാപാര തന്ത്രത്തിന്റെ ഒരു ഇരയാണ് മലയാളി. വീഴ്ത്താൻ എളുപ്പമുള്ള ഒരു ഇര. കടൽ കടന്നെത്തുന്നവയോടുള്ള അതിരുകവിഞ്ഞ ആസക്തി കൂടെയാവുമ്പോൾ കാര്യങ്ങൾ വളരെ ലളിതമാകുന്നു. ദിവസവും കാലത്തെഴുന്നേറ്റാൽ ഒരു ചടങ്ങുപോലെ പ്രിയേ നിന്നെ ഞാൻ സ്നേഹിക്കുന്നു എന്ന് പറഞ്ഞില്ലെങ്കിൽ പിണങ്ങിപ്പിരിയുന്ന ദാമ്പത്യങ്ങളുള്ള പാശ്ചാത്യർക്ക് തങ്ങളുടെ പ്രണയം പ്രകാശിപ്പിക്കാൻ ഇത്തരം കാർഡുകളും ഉപഹാരങ്ങളും കൂടിയേ കഴിയൂ. എന്നാൽ നമുക്കോ?

ബാഹ്യമായ ഇത്തരം കോലാഹലങ്ങൾക്കിടയിൽ നാം മറന്നുപോയ ഒരു സത്യമു്. സുഗന്ധരഹിത വാലന്റൈൻ ദിനം പനിനീർ പുഷ്പങ്ങളെപ്പോലെ നമ്മുടെ ജീവിതത്തിൽ നിന്ന് പതുക്കെ പതുക്കെ പ്രണയത്തിന്റെ സൗരഭ്യം മറഞ്ഞുപോവുകയാണ്. പ്രണയങ്ങളുടെ പറുദീസ യായ കലാലയങ്ങളിൽ ഒരോർമ്മപുതുക്കൽ പോലെ പ്രണയങ്ങളരങ്ങേറുന്നുങ്കെിലും ക്യാമ്പസിലെ മരങ്ങൾക്കു ചുവട്ടിൽ ഇത്തിരി കണ്ണീരുപോലും ഇറ്റിക്കാതെ, സാഹചര്യങ്ങളുടെയും സമുദായത്തിന്റെയുമൊക്കെ തീർത്തും വസ്തുനിഷ്ഠമായ കാരണങ്ങൾ നിരത്തി തങ്ങളെ കാത്തിരിക്കുന്ന സുരക്ഷിതമായ കുടുംബബന്ധങ്ങളിലേയ്ക്ക് വലതുകാൽവച്ച് കടന്നുപോകാൻ കാര്യമായ മനശ്ചാഞ്ചല്യം കാട്ടുന്നില്ല പുതുതലമുറ. പ്രണയനഷ്ടം അമ്പേ തകർത്തുകളയുന്ന കുറച്ചു ജീവിതങ്ങൾ ഇന്നുമുണ്ടെന്ന് മറക്കുന്നില്ല. പക്ഷേ, അവരെ ദുരന്തകഥാപാത്രങ്ങളെന്നതിലുപരി, ബുദ്ധി ശൂന്യരായി കാണാൻ സമൂഹം ശീലിച്ചിരിക്കുന്നു. ഒന്നുമില്ലായ്മ അഥവാ പൂജ്യം എന്നർത്ഥം വരുന്ന I'oeuf എന്ന ഫ്രഞ്ച് മൂലപദത്തിൽ നിന്നാണ് Love എന്ന വാക്കിന്റെ ആവിർഭാവം. (ഇന്നും ബാഡ്മിന്റണിലും മറ്റും ഇത് പൂജ്യത്തെ സൂചിപ്പിക്കുന്നു.) പ്രണയത്തിനായി സമ്പത്തും സ്ഥാനമാനങ്ങളും എന്തിനേറെ ജീവിതം പോലും നഷ്ടപ്പെട്ടിരുന്ന ഒരു കാലത്താണ് ഈ പദം പ്രചാരത്തിലായത്. എന്നാൽ ഇന്ന് നമ്മുടെ യുവതീയുവാക്കൾ സൈബർ പ്രണയത്തിൽ പോലും പങ്കാളിയുടെ ഉദ്യോഗവും ധനസ്ഥിതിയും കൃത്യമായി മനിലാക്കിത്തന്നെയാണ് ചൂയിൽ ഇരകോർക്കുന്നതും കൊത്തുന്നതും. വിദേശികൾക്കും വിദേശ ബന്ധമുള്ളവർക്കും മുൻഗണന. വർഷങ്ങൾ നീുനിൽക്കുന്ന പ്രണയം ഇത്തരക്കാരിൽ പലരും അവകാശപ്പെടാറുങ്കെിലും പലപ്പോഴും അത് ഇണയുടെ സാമ്പത്തികവും സാമൂഹികവുമായ നിജസ്ഥിതി ശരിയായി മനിലാക്കാനും അതുവഴി കുരുക്കിൽ ചെന്നുചാടാതിരിക്കാനുമുള്ള കാലതാമസം മാത്രമാണ്.

നിറയെ അക്ഷരത്തെറ്റുകളുള്ള പഴയ പ്രണയലേഖനങ്ങളുടെ നിഷ്ക്കളങ്ക ലാവണ്യം ഇന്നത്തെ ഇ-മെയിലുകൾക്കില്ല. ആഴ്ചകളോ മാസങ്ങളോ കൊ് എഴുതിത്തീർക്കുന്ന, അതിനേക്കാളേറെ കാലം കൈമാറാൻ ഭയന്ന് കൈവശം വയ്ക്കുന്ന ആ മുഷിഞ്ഞ കടലാസുകളുടെ ജീവൻ, അംഗഭംഗം വന്ന സൈബർഭാഷയിലെ സന്ദേശങ്ങൾക്കില്ല തന്നെ. മറുപടിയ്ക്കായുള്ള അനന്തമായ കാത്തിരിപ്പും അതിന്റെ അനന്തമായ വിങ്ങലും ഉടനടി മറുപടി എത്തുന്ന ഇന്നത്തെ ചാറ്റ്റൂമുകൾക്കില്ല. മാതാപിതാക്കളുടെ മൗനാനുവാദത്തോടെയുള്ള ഈ ഇലക്ട്രോണിക് പ്രണയങ്ങൾ പഴയതുപോലെ ഭൂകമ്പങ്ങൾ ഉാക്കുന്നുമില്ല. മറ്റ് പല നന്മകളും പോലെ പതുക്കെ പ്രണയവും കാലയവനികയ്ക്കു പിന്നിൽ

അത് മദ്യമാകാം, അധികാരമാകാം, സമ്പത്താകാം, നമ്മെ മോഹപരവശരാക്കുന്ന എന്തുമാകാം. അവിടെയെല്ലാമുള്ള നമ്മുടെ ആഭിമുഖ്യത്തെ സൂക്ഷ്മമായി നിരീക്ഷിക്കുകയും അത്തരം കർമ്മങ്ങൾക്ക് നിത്യജീവിതത്തിലുള്ള അനിവാര്യതയെക്കുറിച്ച് വിശാലമായി ചിന്തിക്കുകയും തീരുമാനമെടുക്കുകയും ചെയ്യുമ്പോഴാണ് പരീക്ഷകനെ തോല്പിക്കുന്ന ക്രിസ്തുവിന്റെ കാഴ്ചപ്പാടിലേയ്ക്കും ദർനത്തിലേയ്ക്കും നമുക്ക് ഉയരുവാനും സമീപമായിരിക്കുന്ന ദൈവരാജ്യാനുഭവത്തെ സ്വായത്തമാക്കുവാനും സാധിക്കുന്നത്.

ശിഷ്യന്മാരെ വിളിക്കുമ്പോൾ അവർ പടകിനെയും, വലയെയും, മാതാപിതാക്കളെയും എല്ലാം ഉപേക്ഷിച്ച് കർത്താവിനെ അനുഗമിക്കുന്നു. ദൈവരാജ്യ അനുഭവത്തിലേയ്ക്ക് അടുത്തു വരുന്നവർക്ക് ഭൗതീകമായ തങ്ങളുടെ ജീവിതസാഹചര്യങ്ങൾക്ക് മോടികൂട്ടുന്ന ഒന്നും പ്രയോജനകരമല്ല എന്ന തിരിച്ചറിവാണുാകേത്. ആ തിരിച്ചറിവിന്റെ പാരമ്യത്തിലാണ് എല്ലാം ഉപേക്ഷിച്ചുകൊ് കുരിശുവഹിക്കുവാനുള്ള

N.R.No.:412140/90
Reg. No. KL/ALY/0041/2009-11

DIOCESAN BULLETIN

2011 January 15
Rs. 5/-

ചുമതല ഏറ്റു

ദേവലോകം: പരി. ബസേലിയോസ് പോലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ അസിസ്റ്റന്റായി അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായെ പരി. കാതോലിക്കാബാവ നിയമിച്ചു. അടൂർ കടമ്പനാട് മെത്രാസനത്തിന്റെ മെത്രാപ്പോലീത്ത, വൈദീക സെമിനാരി അദ്ധ്യാപകൻ, മലങ്കര സഭാ മാസികയുടെ ചീഫ് എഡിറ്റർ എന്നീ ചുമതലകളും അദ്ദേഹം വഹിക്കുന്നു.

പരി. കാതോലിക്കാ ബാവയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി ഫാ. തോമസ് പി. സഖറിയ നിയമിതനായി. പുതുപ്പള്ളി നിലയ്ക്കൽ പള്ളി ഇടവകാംഗമാണ് ബഹു. അച്ചൻ. ഏറ്റുമാനൂർ സെന്റ് ജോർജ്ജ്, മൂലേടം സെന്റ് മേരീസ് എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിക്കുന്നു. സെറാമ്പൂർ കോളേജിൽ നിന്ന് വേദശാസ്ത്രത്തിൽ ബിരുദവും ഫെഡറൽ ഫാക്കൽറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയിട്ടു. ഐക്കണോഗ്രാഫിയിൽ ഫിൻലാൻഡ് വലാമോ മൊണാസ്റ്റ

പുതുവത്സരപ്പിറവി ആഘോഷിച്ചു

മൂവാറ്റുപുഴ സെയ്ന്റ് തോമസ് കത്തീഡ്രലിൽ പുതുവത്സരപ്പിറവി 2010 ഡിസംബർ 31-ാം തീയതി രാത്രി ആഘോഷിച്ചു. സന്ധ്യാപ്രാർത്ഥനയോടെ ആരംഭിച്ച ആരാധനയിൽ വികാരി ഫാ. എഡ്വേർഡ് ജോർജ്ജ് മുഖ്യ സന്ദേശം നൽകി. ഫാ. ഏലിയാസ് കുറ്റിപറിച്ചേലിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബ്ബാന അർപ്പിച്ചു. പുതുവത്സരാരാധനയ്ക്ക് കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഡീ. എബിൻ എബ്രാഹം എന്നിവർ നേതൃത്വം നൽകി.

ക്രിസ്മസ് ആഘോഷം

വെട്ടിക്കലുള്ള സ്വാശ്രയാ ട്രെയിനിംഗ് & റീഹാബിലിറ്റേഷൻ സെന്ററിൽ 2010 ലെ ക്രിസ്മസ് ആഘോഷം ഫാ. ചെറിയാൻ പാലക്കാട്ടുമാലിന്റെ നേതൃത്വത്തിൽ നടന്നു. ഡിസംബർ 24-ാം തീയതി രാത്രി നടന്ന ദിവ്യബലിക്ക് ശേഷം അന്തേവാസികളുടെ വിവിധ കലാപരിപാടികൾ ഉായിരുന്നു. ചടങ്ങുകളുടെ അവസാനം ക്രിസ്മസ് വിരുന്ന് സംഘടിപ്പിക്കപ്പെട്ടു. റീഹാബിലിറ്റേഷൻ സെന്ററിൽ നിന്ന് ചാപ്പലിലേയ്ക്ക് പുതുതായി നിർമ്മിക്കപ്പെട്ട റാമ്പിന്റെ ഉദ്ഘാടനവും ഇതോടനുബന്ധിച്ച് നടക്കുക

ക്രിസ്മസ് ആഘോഷിച്ചു

സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിൽ 2010 ലെ ക്രിസ്മസ് ഡിസംബർ 26-ാം തീയതി വൈകുന്നേരം ആഘോഷപൂർവ്വം കൊാടി. 4.00 p.m. ന് ആരംഭിച്ച പൊതുസമ്മേളനത്തിൽ ട്രസ്റ്റ് വൈസ്പ്രസിഡന്റ് തോമസ് പുളിക്കീൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എ.പി. സെൽവിൻ സ്വാഗതം ആശംസിച്ചു. മുഖ്യാതിഥി ഫാ. റോബിൻ (പ്രിൻസിപ്പൽ ഇൻ-ചാർജ്ജ് മേരിഗിരി പബ്ലിക് സ്കൂൾ കൂത്താട്ടുകുളം) ക്രിസ്മസ് സന്ദേശം നൽകി. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. എഡ്വേർഡ് ജോർജ്ജ് സൈക്യാട്രിസ്റ്റ് ഡോ. ബിജു പൗലോസിന് വിശിഷ്ടസേവനത്തിന് ഉപഹാരം നൽകി ആദരിച്ചു. യോഗത്തിൽ ഹോസ്പിറ്റൽ സ്റ്റാഫിന്റെയും അന്തേവാസികളുടെയും വിവിധ കലാപരിപാടികൾ ഉായിരുന്നു. ക്രിസ്മസിന്റെ പ്രത്യേക ശുശ്രൂഷകളും വി. കുർബ്ബാനയും നടന്നു. തുടർന്ന് അത്താഴവിരുന്നോടെ ആഘോഷച്ചടങ്ങുകൾ പര്യവസാനിച്ചു. ക്രിസ്മസിനോടനുബന്ധിച്ച് ഒരുക്കിയ പുൽക്കൂട് സന്ദർശകരുടെ പ്ര

പുതുവത്സരാരാധന

മലേക്കുരിശ് സെയ്ന്റ് ഗ്രീഗോറിയോസ് ഇടവകയുടെ പുതുവത്സരാരാധന 2010 ഡിസംബർ 31-ാം തീയതി രാത്രിയിൽ നടന്നു. ഡീക്കൺ പി.യു. അബി ആരാധനയ്ക്ക് നേതൃത്വം നൽകി. ജോയ് മേക്കോട്ടിൽ പുതുവത്സര സന്ദേശം നൽകി. ഇതോടനുബന്ധിച്ച് ഇടവക വാർത്താപത്രികയുടെ പ്രസിദ്ധീകരണം വികാരി ഫാ. മേരീദാസ് സ്റ്റീഫൻ നിർവ്വഹിച്ചു. എം.വി പൗലോസ് മുിയാത്ത് ആണ് മാസികയുടെ പത്രാധിപർ.

ക്രിസ്മസ്-പുതുവത്സര ധ്യാനം നടന്നു

കത്തിപ്പാറടം സെയ്ന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ ക്രിസ്മസ്-പുതുവത്സര ഒരുക്കധ്യാനം നടന്നു. മൂന്നുദിവസത്തെ ഉപവാസത്തോടെയാണ് ഇടവകാംഗങ്ങൾ ധ്യാനത്തിൽ പങ്കുകൊത്. വികാരി കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. ബാബു എബ്രാഹാം എന്നിവർ ധ്യാത്തിനും ശുശ്രൂഷകൾക്കും നേ

ബിരുദാനന്തര ബിരുദം നേടി

കനാട് (E) ഭദ്രാസനത്തിലെ വൈദീകനായ ഫാ. ബോബി വർഗ്ഗീസ് കുറ്റിക്കാട്ടുതോട്ടത്തിൽ സുറിയാനി സാഹിത്യത്തിൽ എം.എ. ബിരുദം നേടി. ബഹു. അച്ചൻ ഓണക്കൂർ സെഹിയോൻ, ഊരമന താബോർ എന്നീ പള്ളികളിൽ സേവനം അനുഷ്ഠിക്കുന്നു.

രാംഘട്ടം പണിയാരംഭിക്കുന്നു

വടകരയിലുള്ള സന്തുല ട്രസ്റ്റ് ആശുപത്രിയുടെ രാംഘട്ടം പണി 2011 ജനുവരിയിൽ ആരംഭിക്കും. പുതിയ ബ്ലോക്കിന്റെ ഒന്നും രും നിലകളാണ് ഇപ്പോൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നത്.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha